# സുവിശേഷ ധ്വനി

സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന വൈ.എം.ഇ.എഫ്. ദ്വൈവാരിക

Suvisesha Dhwani Fortnightly Reg. No. RN. 29475/78 Vol. 37 Issue 14

15 മാർച്ച് 2014 പുസ്തകം 37 ലക്കം 14 പേജ് 6


ഉൾപ്പേജുകളിൽ


- എഡിറ്റോറിയൽ 2
- കാങ്ങ്രി 3
- വഴിയും വിളക്കും 4
- ക്വിസ്/വാർത്തകൾ 5
- ചിന്ത/വാർത്തകൾ 6


## സഭാ നേതൃത്വത്തെ വെല്ലുവിളിക്കുന്ന

# "പുതിയ ശിഷ്യന്മാർ"

ജോർജ്ജ് സി. വറുഗീസ്, തിരുവനന്തപുരം

സ്ഥലം സഭ ഓരോ വിശ്വാസിയുടെയും ആത്മിക ഭവനമാണ്, സഭാകൂടിവരവുകളിലെ അച്ചടക്കം ഒരു പ്രധാനപ്പെട്ട വസ്തുതയാണ് എന്ന അവബോധത്തോടു കൂടി പെരുമാറാൻ അറിയാതെയിരിക്കുന്ന ചിലരെങ്കിലും യുവനേതൃത്വത്തിൽ ശുശ്രൂഷാരംഗത്തേക്ക് കടന്നുവരുന്നതിന്റെ തിക്തഫലങ്ങൾ അവിടവിടെയായി നാം കേട്ടുകൊണ്ടിരിക്കുകയാണ്. എല്ലായ്പ്പോഴും സഭാനേതൃത്വത്തെ, മൂപ്പന്മാരെ വെല്ലുവിളിക്കുന്ന സ്വഭാവമാണ് ചിലരിൽ കാണുന്നത്. ഓരോ കൂടിവരവിലും അതാതിന്റെ ലക്ഷ്യത്തെ കണക്കിലെടുത്തു പെരുമാറുവാൻ പലർക്കും പരിചയമില്ല, പരിചയിപ്പിക്കുന്നതിലും, പഠിപ്പിക്കുന്നതിലും പ്രായമുള്ളവർ വേണ്ടുവോളം ശ്രദ്ധിക്കുന്നുമില്ല. 'അസാരം പുളിമാവ് പിണ്ഡത്തെ മുഴുവനും മുളിപ്പിക്കുന്നു എന്ന് അറിയുന്നില്ലയോ?' (1 കൊരി. 5:6).

ദൈവം തന്റെ ജനത്തെ ശിക്ഷണനടപടിയിലൂടെ നേർവഴിക്ക് നടത്തുക എന്നുള്ളത് ദൈവത്തിന്റെ ഒരവകാശമായി കരുതുന്നതിൽ തെറ്റില്ല. ഈ ശിക്ഷണക്രമത്തിന്റെ പരമോദ്ദേശ്യം തന്റെ മഹത്വവും വിശുദ്ധിയും പ്രദർശിപ്പിക്കുകയാണ്. മാതൃകാപരമായ ശിക്ഷണനടപടി ദൈവജനത്തിന്റെ അഭ്യുന്നതിക്ക് നിദാനമാണ്. സർവ്വജ്ഞാനിയും സ്നേഹവാനുമായ ദൈവം തന്റെ ശിക്ഷണക്രമത്തിൽകൂടെ മറ്റുള്ളവർക്ക് പുതിയ പാഠം നൽകുന്നു എന്ന കാര്യം തിരുവെഴുത്തിൽ ഉടനീളം- പഴയനിയമത്തിലും പുതിയനിയമത്തിലും- നാം കാണുന്നു. ദൈവജനത്തിന്റെ മാതൃകാപരമായ ജീവിതത്തെ പരിപുഷ്ടമാക്കുന്നതിന് ദൈവം ചിലപ്പോൾ വേദനിപ്പിക്കുന്ന അനുഭവങ്ങളിൽ കൂടെ കടത്തിവിടുന്നു. കോരെശ് അബീരാം മുതലായവരുടെമേൽ ദൈവം നടത്തിയ ന്യായവിധി വളരെ ഗുരുതരമായ നിലയിലുള്ളവയായിരുന്നു. അതിരു കടന്ന അഹന്ത കൊണ്ട് ദൈവിക അധികാരത്തെ തിരസ്കരിച്ചു എന്നുള്ളതായിരുന്നു അവരുടെ പാപം. അഹങ്കാരം എന്ന പാപവുമായി ദൈവം ഒരു കാലത്തും ബന്ധം പുലർത്തുകയില്ല എന്ന് ഇന്നത്തെ വിശ്വാസികളും ഓർത്തുകൊള്ളണം. ആ പാപത്തെ – അഹങ്കാരത്തെ, നിഗളത്തെ – ദൈവം ഗുരുതരമായ നിലയിൽ ശിക്ഷിക്കുക തന്നെ ചെയ്യും. എന്നാൽ ഇന്ന് ദൈവം കോരെശിനെയും അബീരാമിനെയും ശിക്ഷിച്ചതുപോലെ എന്തുകൊണ്ട് ശിക്ഷിക്കുന്നില്ല? കാരണം ഈ യുഗത്തിൽ ദീർക്ഷമയോടും കരുണയോടും കൂടി ദൈവം തന്റെ പരിപാടികൾക്ക് രൂപം കൊടുക്കുന്നു. അത് കൃപായുഗത്തിന്റെ ഒരു പ്രത്യേകത മാത്രം.

ഇന്ന്, കർത്തൃദിവസത്തിലെ ഒരു ശുശ്രൂഷ മുൻനിശ്ചയിച്ചതിന് വിപരീതമായി ചുമതലപ്പെട്ടവർ ഒരു പുനഃക്രമീകരണം നടത്തി എങ്കിൽ അതിനെ അംഗീകരിപ്പാൻ മനസ്സില്ലാതെ ചോദ്യം ചെയ്യുന്ന 'യുവനേതൃത്വം' വളർന്നുവരുന്നു എന്നത് നമ്മെ ചിന്തിപ്പിക്കേണ്ടതാണ്. സഭയിലെ യുവനേതൃത്വത്തിലുള്ള ചിലർ, തങ്ങളുടെ അഭിപ്രായത്തിന് മൂർച്ച കൂട്ടാനും, സഭാനോതൃത്വത്തിന് എതിരായി എപ്പോഴും എതിർത്ത് സംസാരിക്കാനും ചിലരെ കൂട്ടുപിടിച്ച്, സമാന ചിന്താഗതിക്കാരെ ഉണ്ടാക്കി വളർത്തി എടുക്കാനും ഉള്ള പരിശ്രമം കണ്ടുവരുന്നു. ഇത് ദൈവസഭയിൽ, ദൈവമക്കളുടെ ഇടയിൽ ഒരിക്കലും അനുവദനീയമല്ല.

സംഖ്യാപുസ്തകം 12-ാം അധ്യായം നാം പഠിക്കുമ്പോൾ 'ഭൂതലത്തിലൊക്കെയും സകല മനുഷ്യരിലും സൗമ്യനായ' മോശെക്കെതിരായി വായ് തുറക്കുന്ന അഹരോനെയും സഹോദരി മിര്യാമിനെയും നമുക്ക് കാണാം. അവിടെ കാണുന്ന മൽസരം, യഥാർത്ഥത്തിൽ ദൈവത്തിനെതിരായുള്ള മൽസരമായിരുന്നു. "അങ്ങനെയിരിക്കെ നിങ്ങൾ എന്റെ ദാസനായ മോശെയ്ക്ക് വിരോധമായി സംസാരിപ്പാൻ ശങ്കിക്കാഞ്ഞത് എന്ത്?" എന്ന ദൈവത്തിന്റെ ചോദ്യത്തിന്റെ ഘനവും ഗൗരവവും എന്തെന്ന് നാം തീർച്ചയായും അറിഞ്ഞിരിക്കണം (വാക്യം 8).

പ്രിയ സഹോദരങ്ങളെ, നമ്മുടെ സഹോദരന്മാരിലും, കൂട്ടുവേലക്കാരിലും കൂട്ടുമൂപ്പന്മാരിലും നന്മ കാണാൻ ശ്രമിക്കാതെ അവരിലെ പിഴവുകൾ മാത്രം നോക്കുന്നവരും, അവരെ ഒറ്റപ്പെടുത്താൻ ശ്രമിക്കുന്നവരുമാണോ നാം? കർത്താവിനും തന്റെ ജനത്തിനുമെതിരായി സംസാരിക്കുന്നത് തൊഴിലാക്കിയിരിക്കുന്ന ചില ദുഷ്ടബുദ്ധികളുണ്ട്. നാം അവരുടെ ഇടയിൽ പെട്ടുപോയി എന്നു വരാം. അത്തരം സന്ദർഭങ്ങളിൽ അവരുടെ ദുഷിച്ച സംഭാഷണഗതിക്കു തടയിടാൻ

➤ശേഷം 2-ാം പേജിൽ

### "നിഗളിച്ചിട്ട് പിശാചിന് വന്ന ശിക്ഷാവിധിയിൽ അകപ്പെടാതിരിപ്പാൻ പുതിയ ശിഷ്യനും അരുത്" (1 തിമൊ. 3:6).

## വൈ.എം.ഇ.എഫ്. ജനറൽ ക്യാമ്പ് സെപ്റ്റം. 8 മുതൽ 12 വരെ

**കൊട്ടാരക്കര:** രണ്ടുവർഷത്തിലൊരിക്കൽ നടക്കുന്ന വൈ.എം.ഇ.എഫ്. ജനറൽ ക്യാമ്പ് മലബാർ ഡിവിഷന്റെ ചുമതലയിൽ 2014 സെപ്റ്റം. 8 മുതൽ 12 വരെ (തിങ്കൾ മുതൽ വെള്ളി വരെ) നടത്തുവാൻ തീരുമാനമായി. പാലക്കാട് നെന്മാറ ബേത്ലഹേം ഇംഗ്ലീഷ് മീഡിയം സ്കൂളിലാണ് ക്യാമ്പ് നടക്കുന്നത്. അറുനൂറിൽ പരം പേർക്ക് താമസസൗകര്യം ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾ പിന്നാലെ.

ജനറൽ സെക്രട്ടറി

## ബാലസംഘം വി.ബി.എസ്. ഒരുക്കങ്ങൾ പൂർത്തിയായി

**പുത്തൻകാവ്:** സുവിശേഷകൻ ബാലസംഘത്തിന്റെ ചുമതലയിൽ നടന്നു വരുന്ന വി.ബി.എസിന്റെ ഒരുക്കങ്ങൾ പൂർത്തിയായി. ഈ വർഷത്തെ വേദപാഠം യോശുവയുടെ ജീവിതത്തെ ആസ്പദമാക്കിയുള്ളതാണ്. മൾട്ടികളർ വിഷ്വൽ എയിഡും, മൾട്ടികളർ വർക്കു ബുക്കുകളും തയ്യാറാക്കിയിട്ടുണ്ട്. മിഷനറി സ്റ്റോറി വിശ്വാസവീരനായിരുന്ന ജോർജ്ജ് മുള്ളറിന്റെ ചരിത്രമാണ്. മൾട്ടികളർ വിഷ്വൽ എയിഡും പ്രസിദ്ധീകരിച്ചിട്ടുണ്ട്.വി.ബി.എസ്. ഗാനങ്ങളുടെ "മിന്നാ മിന്നി" എന്ന സി.ഡി. യും തയ്യാറായിട്ടുണ്ട്. വി.ബി.എസ്. മെറ്റീരിയൽസിനും, വി.ബി.എസ്. കിറ്റിനും എസ്.ബി.എസ്., വി.ബി.എസ്. കോ-ഓർഡിനേറ്റർ ഏബ്രഹാം തോമസ് (പുല്ലാട്) മായി ബന്ധപ്പെടുക. ഫോൺ 0944728243

ജനറൽ സെക്രട്ടറി

### വൈ.എം.ഇ.എഫ്. സൗത്ത് ഡിവിഷൻ ട്രസ്റ്റ്

## പ്രാർത്ഥനാസമ്മേളനം

അടുത്ത പ്രാർത്ഥനാസമ്മേളനം 2014 മാർച്ച് 30 ഞായർ ഉച്ചയ്ക്ക് 3.30 മുതൽ 5.30 വരെ ഇടശ്ശേരിമല ബ്രദറൺ സഭാഹാളിൽ നടത്തുവാൻ കർത്താവിലാശ്രയിച്ച് തീരുമാനിച്ചിരിക്കുന്നു. സഹോദരൻ പി.എം. രാജൻ (വെച്ചൂച്ചിറ) വചനശുശ്രൂഷ നിർവ്വഹിക്കും. സഹോദരങ്ങൾ കടന്നുവന്നു സംബന്ധിക്കുക.

പ്രൊഫ. എം.ജെ. കുര്യൻ (പ്രയർ കോ-ഓഡിനേറ്റർ)
Mob: 9847532592

പ്രാർത്ഥിക്കുക..... ഒരുങ്ങുക..... കടന്നുവരിക

വൈ.എം.ഇ.എഫ്. സൗത്ത് ഡിവിഷൻ ട്രസ്റ്റ്

## സുവിശേഷക്യാമ്പ്

**സ്ഥലം : വേഴപ്ര (കുട്ടനാട്)**
**തീയതി: 2014 ഏപ്രിൽ 24,25,26 (വ്യാഴം, വെള്ളി, ശനി)**
**പ്രധാന പരിപാടികൾ: ഭവനസന്ദർശനം, പരസ്യയോഗം, ബൈബിൾ ക്ലാസ്**

**വിശദവിവരങ്ങളും നോട്ടീസും പിന്നാലെ**

ഡിവിഷണൽ സെക്രട്ടറി: Mob: 9847532592

### വൈ.എം.ഇ.എഫ്. ഹൈറേഞ്ച് ഡിവിഷൻ

## ഹൈറേഞ്ച് കാമ്പയിൻ തുടരുന്നു

**കട്ടപ്പന:** ഹൈറേഞ്ചിലെ പ്രാചീന കുടിയേറ്റ മേഖലയിൽ പ്രധാനപ്പെട്ട സ്ഥലമാണ് കീരിത്തോട്. ക്രൈസ്തവരും, അക്രൈസ്തവരും തിങ്ങിപ്പാർക്കുന്ന പ്രദേശമാണിവിടം. ചെറുകിടകർഷകരും, കൂലിപ്പണിക്കാരും മുഖ്യമായി പാർക്കുന്ന കീരിത്തോട് സുവിശേഷ താത്പര്യം ഏറെയുള്ള സ്ഥലമാണ്. ഹൈറേഞ്ച് വൈ.എം.ഇ.എഫ്-ന്റെ ചുമതലയിൽ സഭാകൂടിവരവ് ലക്ഷ്യമാക്കി 2014 ഫെബ്രുവരി മുതൽ ഇവിടെ ഒരു സുവിശേഷ കാമ്പയിൻ പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. പുതിയ കൂടിവരവുകൾ ധാരാളമുണ്ടാകുന്ന ഹൈറേഞ്ചിൽ പല സഭാ കൂടിവരവുകളും ആരംഭിക്കുവൻ വൈ.എം.ഇ.എഫ്. മുഖാന്തരമായിട്ടുണ്ട്.

ഈ സുവിശേഷ കാമ്പയിന്റെ മുന്നോടിയായി 2014 ഫെബ്രുവരി 19,20,21 തീയതികളിൽ കീരിത്തോട്ടിൽ സുവിശേഷയോഗങ്ങൾ നടന്നു. രാത്രിയോഗങ്ങളിൽ ചാണ്ടപ്പിള്ള ഫിലിപ്പ്, ബിജു കെ. ആലടി, വി.എം. പോൾ രാജാക്കാട് എന്നിവർ സുവിശേഷ സന്ദേശങ്ങൾ നൽകി. ജോർജ്ജ് മഠത്തിൽ, സജീവൻ എൻ.പി., ടിമ്മി സാബു എന്നിവർ ഗാനശുശ്രൂഷ നിർവ്വഹിച്ചു. മൂന്നു ദിവസം നടന്ന പരസ്യയോഗങ്ങളിലും ഭവന സന്ദർശനത്തിലും ഹൈറേഞ്ചിൽ നിന്നും സുവിശേഷകന്മാരും സഹോദരന്മാരും ഉൾപ്പെടെ അനേകർ പങ്കെടുത്തു.

അനേക ഭവനങ്ങളിൽ സുവിശേഷം എത്തിക്കുവാനും ചിലർ രക്ഷിക്കപ്പെടുവാനും സുവിശേഷക്യാമ്പ് കാരണമായി. ഇവിടെ ബൈബിൾ ക്ലാസ്സുകൾ ആരംഭിക്കുവാൻ താത്പര്യപ്പെടുന്നു. എത്രയും വേഗം ഇവിടെ നമ്മുടെ ഒരു കൂടിവരവുണ്ടാകുവാൻ പ്രാർത്ഥിച്ചാലും. വൈ.എ.ഇ.എഫ്. ഹൈറേഞ്ച് ഡിവിഷന്റെ പ്രവർത്തനങ്ങളെ പ്രാർത്ഥനയിൽ ഓർക്കുകയും പ്രവർത്തനാവശ്യങ്ങളിൽ സഹകരിക്കുകയും ചെയ്യണമേ.

Y.M.E.F. Highrange Division, A/c- 10415744173 SBI Kattappana (5560), C/o Thomas Mathew, Puthenveettil, Kattappana P.O., Pezhumkavala, Idukki-685 508 - Ph:9961463301

## നോർത്ത് ടീം പാനിപ്പട്ട് ജില്ലയിലേക്ക്

**അങ്കമാലി:** വൈ.എം.ഇ.എഫ്. വടക്കൻ വിഭാഗം ട്രസ്റ്റ് ചെയ്തുവരുന്ന ഹരിയാന സംസ്ഥാന സുവിശേഷ പ്രവർത്തനം 2014 ഫെബ്രുവരി മാസത്തിൽ ഭിവാനി ജില്ലയിൽ അനുഗ്രഹകരമായി നടത്തുവാൻ കർത്താവ് സഹായിച്ചു. മാർച്ച് മാസത്തിൽ പാനിപ്പട്ട് ജില്ലയിൽ പ്രവർത്തിക്കണം എന്ന് ആഗ്രഹിച്ച് സഹോദരന്മാരായ ഫിലിപ്പ് റ്റി. കുടിയാൻ മല, നൈനാൻ ഇലഞ്ഞിപ്ര (തൃശൂർ ജില്ല) എന്നിവർ ഫെബ്രു. 26-ന് കേരളത്തിൽ നിന്നും യാത്ര തിരിച്ചു. പ്രിയസഹോദരന്മാരുടെ ക്ഷേമത്തിനും പാനിപ്പട്ടിലെ പ്രവർത്തനങ്ങളുടെ അനുഗ്രഹത്തിനായും ദൈവജനം പ്രാർത്ഥിക്കണെമെന്ന് അപേക്ഷിക്കുന്നു.

വൈ.എം.ഇ.എഫ്. വടക്കൻ വിഭാഗം ട്രസ്റ്റ് ചെയ്തുവരുന്ന ശുശ്രൂഷകളിൽ പ്രാർത്ഥിക്കുകയും കടന്നുപോയി പ്രവർത്തിക്കുകയും സാമ്പത്തികമായി സഹകരിക്കുകയും ചെയ്യുന്നവരോട് കർത്തൃനാമത്തിൽ നന്ദിയും സ്നേഹവും അറിയിക്കുന്നു. പ്രവർത്തനങ്ങളുടെ ആവശ്യത്തിലേക്കായി നേരിട്ട് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്ന പ്രിയപ്പെട്ടവർ ആ വിവരം അറിയിക്കണമെന്ന് താല്പര്യപ്പെടുന്നു. ശരിയായ വിവരം ലഭിക്കാത്തതിനാൽ പലപ്പോഴും രസീത് അയയ്ക്കുവാൻ സാധിക്കാതെ വരുന്നു. ഇതുവരെയും ഈ നിലയിൽ പണം അയച്ചിട്ടു രസീത് കിട്ടാതിരിക്കുന്നവർ ആ വിവരം അറിയിക്കുമല്ലൊ.

ഇതുവരെയും പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്ത ഏവരോടും കർത്തൃനാമത്തിൽ നന്ദിയും സ്നേഹവും അറിയിക്കുന്നു. തുർന്നും ഏവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

വിലാസം: A.D. James, Areeckal House, Angamaly- 683 572 Ph: 9446814115

**സുവിശേഷ ധ്വനി**
സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന വൈ.എം.ഇ.എഫ്. ദ്വൈവാരിക
**മാർച്ച് 15**
പുസ്തകം 37, ലക്കം 14

**ഭാരത സുവിശേഷീകരണ രംഗത്തെ ചില വേറിട്ട മുന്നേറ്റങ്ങൾ**

# വിശ്വവാണിയും ഫ്രണ്ട്സ് മിഷനറി പ്രയർ ബാൻഡും

**വി**ശ്വവാണി പ്രസ്ഥാനത്തിന്റെ സ്ഥാപകനായ ഡോ. എമിൽ ജപസിംഗ് 19-12-2013-ൽ നിത്യതയിലേക്കു മാറ്റപ്പെട്ടു. തൂത്തുക്കുടിയിലെ ഹെയർ ദ്വീപിൽ 1980-ൽ വിശ്വവാണി ആരഭിച്ചു. അഞ്ചു വിശ്വാസികളോടുകൂടെ പ്രവർത്തനമാരംഭിച്ച വിശ്വവാണിക്ക് ഇന്ന് 3105 പൂർണ്ണ സമയ പ്രവർത്തകരാണുള്ളത്. അവരുടെ പ്രസിദ്ധീകരണമായ സമർപ്പൺ മാസിക മലയാളമുൾപ്പെടെ 10 ഭാഷകളിൽ പ്രസിദ്ധീകരിക്കുന്നതിൽ കൂടെ ഒന്നരലക്ഷം വിശ്വാസികുടുംബങ്ങളിലെത്തുന്നു. ഇന്ന് വിശ്വവാണിക്ക് 1888 സഭകളുണ്ട്. എന്തു അത്ഭുതപൂർവ്വമായ വളർച്ചയാണ് ഈ പ്രസ്ഥാനത്തിന് ചുരുങ്ങിയ കാലങ്ങൾ കൊണ്ട് ഉണ്ടായിട്ടുള്ളത്! ഇതു നമ്മെ ഇരുത്തി ചിന്തിപ്പിക്കേണ്ടതാണ്.

ഇരുനൂറിലധികം ഗാനങ്ങൾ രചിക്കുകയും അവയ്ക്ക് ഈണം പകരുകയും ചെയ്ത എമിൽ അവസാനമായി എഴുതിയത് "മയക്കത്തിൽ നിന്ന് ഉണരൂ" എന്ന ഗാനമായിരുന്നു. മീറ്റിംഗുകളിൽ അദ്ദേഹം മൊബൈൽ ഫോൺ കൊണ്ടുപോകുന്ന പതിവില്ലായിരുന്നു. ഭാരതത്തിന്റെ ഭൂപടത്തിൽ ഓരോ സംസ്ഥാനത്തിനു മുകളിലും കൈവെച്ചു പ്രാർത്ഥിക്കുന്ന പതിവ് എമിലിനുണ്ടായിരുന്നു. ഏതു മീറ്റിംഗിലും അദ്ദേഹത്തിന്റെ പ്രസംഗ വിഷയം ഭാരത സുവിശേഷീകരണമാണ്. ട്രാൻസ് വേൾഡ് റോഡിയോ, വിശ്വവാണി എന്നിവയുടെ പരസ്പര പങ്കാളിത്തത്തിൽ ആയിരക്കണക്കിനു ആരാധനാ കൂട്ടങ്ങൾ ഭാരതത്തിലുണ്ടായതായി റിപ്പോർട്ടു ചെയ്തിരിക്കുന്നു. ഈ രണ്ടു സംഘടനകളുടെയും രൂപീകരണത്തിൽ അദ്ദേഹത്തിന് പ്രധാന പങ്കുണ്ടായിരുന്നു. 2020 നു മുമ്പ് ഒരു ലക്ഷം ഗ്രാമങ്ങളിൽ സുവിശേഷം എത്തിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ദർശനം.

ഉപദേശവിഷയങ്ങളിൽ ചില വ്യത്യാസങ്ങൾ ഉണ്ടായിരിക്കാമെങ്കിലും ഡോ. എമിൽ ജപസിംഗിനെപ്പോലുള്ളവരുടെ ഭാരത സുവിശേഷീകരിണത്തിനായുള്ള ആവേശവും കാഴ്ചപ്പാടും നമുക്ക് ഉത്തേജനം നല്കുമെന്നതിൽ സംശയമില്ല. മധ്യപ്രദേശിന്റെ ഒരു ഉൾഗ്രാമത്തിൽ റേഡിയോയിൽ കൂടെ സുവിശേഷം കേട്ട് രക്ഷിക്കപ്പെട്ട ഒരു കൂട്ടത്തെ ഞങ്ങൾ നേരിൽ കാണുന്നതിനിടയായി. മറ്റു നിലയിൽ സുവിശേഷമെത്താത്ത അനേക സ്ഥാനങ്ങളിൽ റേഡിയോയിൽ കൂടെ സുവിശേഷം എത്തുന്നു എന്നത് സന്തോഷകരമായ കാര്യമാണ്. നമ്മുടെ സഹോദരന്മാർ നടത്തുന്ന ലിവിംഗ് വാട്ടേഴ്സ് റേഡിയോ പ്രോഗ്രാമുകൾക്കായും നമുക്ക് പ്രാർത്ഥിക്കാം.

ഉത്തര ഭാരതത്തിൽ ഹോളുകൾ പണിയേണ്ടതിന്റെ ആവശ്യകതയേപ്പറ്റി ഈ ദ്വൈവാരികയിൽ നേരത്തെ എഴുതിയിട്ടുള്ളതാണ്. അതിനെ അഭിനന്ദിച്ച് ഉത്തരേന്ത്യയിലെ ചില സുവിശേഷകന്മാർ ഫോൺ ചെയ്യുകയുണ്ടായി. രാജസ്ഥാൻ, യു.പി., ത്രിപുര, ഗുജറാത്ത്, ആന്ധ്ര എന്നീ സംസ്ഥാനങ്ങളിലായി പത്തു ആരാധനാലയങ്ങൾ വിശ്വവാണിയുടെ വകയായി ഡിസംബർ 2013, ജനുവരി 2014 എന്നീ രണ്ടു മാസങ്ങളിലായി ഉദ്ഘാടനം ചെയ്യപ്പെട്ടതായി റിപ്പോർട്ടുണ്ട്. ഇതൊക്കെ നമ്മെ ചിന്തിപ്പിക്കേണ്ടതാണ്.

ഉത്തരഭാരതത്തിന്റെ വിവിധ സംസ്ഥാനങ്ങളിൽ വളരെയധികം പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന മറ്റൊരു സുവിശേഷ വിഹിത സംഘടനയാണ് ഫ്രണ്ട്സ് മിഷനറി പ്രയർ ബാൻഡ് (FMPB). യു.പി.യിലെ ഗോണ്ട എന്ന സ്ഥലത്തെ ഇവരുടെ സ്ഥാപനത്തിൽ വൈ.എം.ഇ.എഫ്. ടീമിന് താമസിച്ചു പ്രവർത്തിക്കാൻ സൗകര്യം തന്നത് ഓർമ്മയിലുണ്ട്. ഈ സംഘടനയുടെ 2010-11 കാലയളവിലെ വരുമാനം 326 കോടിയായിരുന്നു. ചെന്നൈയിലാണ് അവരുടെ കേന്ദ്ര ആഫീസെങ്കിലും ഉത്തരഭാരതത്തിലെ എല്ലാ സംസ്ഥാനങ്ങളിലും അവർക്ക് പ്രവർത്തകന്മാരുണ്ട്.

ഈ കാര്യങ്ങളൊക്കെ ഇവിടെ എഴുതുന്നതിലുള്ള ഉദ്ദേശ്യം നമ്മുടെ പ്രവർത്തനങ്ങളുമായി താരതമ്യം ചെയ്യുന്നതിനാണ്. ഭാരത സുവിശേഷീകരണം എന്ന ദർശനം നമുക്ക് കൂടുതലായി ഉണ്ടാകേണ്ടിയിരിക്കുന്നു. ഒന്നുരണ്ടുവർഷങ്ങൾ മുമ്പ് മധ്യപ്രദേശിൽ വേലക്കാരുടെ ആവശ്യത്തേപ്പറ്റി ബോധം വരുത്തുവാൻ ഒരു ടീം സുവിശേഷകന്മാർ കേരളത്തിലും മറ്റു ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങലിലും പര്യടനം നടത്തിയത് ഓർക്കുമല്ലോ. അടുത്തയിടെ മധ്യപ്രദേശിലെ ഒരു സുവിശേഷകനെ കണ്ടപ്പോൾ അതിന്റെ പ്രതികരണം എന്തായിരുന്നു എന്നന്വേഷിച്ചു. ആരും തന്നെ മുമ്പോട്ടു വന്നില്ലെന്നായിരുന്നു മറുപടി. കൊയ്ത്തിലേക്കു വേലക്കാരെ അയയ്ക്കേണ്ടതിന് കൊയ്ത്തിന്റെ യജമാനനോട് യാചിക്കാം. സുവിശേഷത്തോടുള്ള എതിർപ്പ് ഒരു വശത്ത് വർദ്ധിച്ചു വരുന്നു. മുമ്പു സംഭവിച്ചിട്ടില്ലാത്ത കാര്യങ്ങൾക്ക് ഇപ്രാവശ്യത്തെ ലോക്സഭാ സമ്മേളനം സാക്ഷ്യം വഹിക്കുകയുണ്ടായി. ഒരു പൊതു തെരഞ്ഞെടുപ്പ് അടുത്തു വന്നിരിക്കുന്നു. സുവിശേഷ പ്രചരണത്തിന് അനുകൂലമായ ഒരു ഗവൺമെന്റ് കേന്ദ്രത്തിൽ അധികാരത്തിൽ വരേണ്ടുന്നതിനായി പ്രാർത്ഥിക്കാം. കർത്താവ് നമ്മെ സഹായിക്കട്ടെ.

*ഇ.ജെ. പൈലി*

---

➢ 1-ാം പേജിൽ നിന്നും തുടർച്ച

## "പുതിയ ശിഷ്യന്മാർ"

**"....സത്യത്തിന്റെ തൂണും അടിസ്ഥാനവുമായി ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന ദേവാലയത്തിൽ നടക്കേണ്ടത് എങ്ങനെയെന്ന് നീ അറിയേണ്ടതിന് ഇത് എഴുതുന്നു" (1 തിമൊ. 3:15).**

നമുക്കു കഴിയുന്നില്ല എങ്കിൽ ആ കൂട്ടത്തിൽ നിന്നും നാം ഒഴിഞ്ഞുപോകണം. ഈ അധ്യായം നാം പഠിക്കുമ്പോൾ തന്റെ സ്വർഗ്ഗീയ യജമാനന്റെ ആത്മാവിനെയത്രേ നാം മോശെയിൽ കാണുന്നത്. തനിക്കെതിരായി വിദ്വേഷത്തോടെ പരുഷമായി തങ്ങളുടെ നില വിട്ടു സംസാരിച്ചവർക്കു വേണ്ടി അവൻ ആത്മാർത്ഥതയോടെ പ്രാർത്ഥിക്കുന്നു. ഇതത്രേ സൗമ്യതയുടെയും കൃപയുടെയും വിജയം. അതിനാൽ തന്റെ ചുമതലകൾ നിറവേറ്റുവാൻ മോശെക്ക് കഴിഞ്ഞു. ഈ മാതൃക നാം അറിഞ്ഞിരിക്കണം. ഇതു ഗ്രഹിച്ചു കഴിയുമ്പോൾ നമ്മെപ്പറ്റിയോ, നമ്മുടെ പ്രവർത്തനങ്ങളെപ്പറ്റിയോ അവജ്ഞയോട് സംസാരിക്കുന്നവരോടും നാം കോപാകുലരാകയില്ല. നീതിമാനായ നമ്മുടെ ന്യായാധിപതി ഓരോരുത്തനും അവനവന്റെ പ്രവൃത്തിക്ക് തക്ക പ്രതിഫലം കൊടുക്കുന്ന ദിവസം വിദൂരമല്ല. ഇതത്രെ ഇന്നത്തെ സഭാന്തരീക്ഷത്തിൽ കാണുന്ന കലക്കങ്ങൾക്കുള്ള പ്രതിവിധി.

**എന്തുകൊണ്ട് പുതിയ ശിഷ്യനും അരുത് എന്ന് നിർദ്ദേശിച്ചിരിക്കുന്നു?**

ദൈവജനത്തിന് മൊത്തത്തിലെന്നപോലെ വ്യക്തിപരമായും ഈ പ്രമാണം വളരെ പ്രസക്തമാണ്, സാധുവാണ്. ഉന്നതപദവിയെത്തിയിട്ടുള്ള കർത്തൃദാസന്മാരുടെ ജീവിതം നോക്കിയാൽ അവർ എല്ലാവരും, ദൈവരക്ഷയുടെ എരിയുന്ന പന്തത്തിന്റെ ശ്രേഷ്ഠാനുഗ്രഹങ്ങൾ ആസ്വദിക്കുന്നതിന് മുമ്പെ പുകയുന്ന തീച്ചൂളയുടെ തീയും പുകയും അനുഭവിച്ചവരാണ്. 'അന്ധതമസ്സിന്റെ ഭയാനകത' അബ്രഹാമിന്റെ ആത്മാവിൽ കൂടെ കടന്നു പോയി. ലാബാന്റെ ഗൃഹത്തിൽ നീണ്ട ഇരുപത്തിയൊന്നു സംവത്സരക്കാലത്തെ ദാസ്യവും കയ്പേറിയ യാതനയും യാക്കോബിന് അനുഭവിക്കേണ്ടതായി വന്നു. മിസ്രയീമിലെ കാരാഗൃഹമായിരുന്നു യോസഫ് കടന്നു പോയ തീച്ചൂള. നാൽപ്പതു സംവത്സരങ്ങൾ മോശെ മണലാരണ്യത്തിൽ കഴിഞ്ഞു. കേരളക്കരയിലും, അയൽ സംസ്ഥാനങ്ങളിലും കർത്തൃവേലയിലായിരുന്ന, ഇന്ന് കർത്തൃസന്നിധിയിൽ വിശ്രമിക്കുന്ന അനേക കർത്തൃദാസന്മാരുടെ ജീവിതം ഇതുപോലെ തന്നെയായിരുന്നു. കെ.വി.സൈമൺ, കെ.ജി.കുര്യച്ചൻ, എം.ഇ.ചെറിയാൻ, വി.പി. ജേക്കബ് ഇങ്ങനെ എത്ര അനേകർ തങ്ങളുടെ ജീവിതത്തിൽ തീച്ചൂളയുടെ അനുഭവങ്ങളിൽ കൂടെ കടന്നു പോയി? ഈ കർത്തൃ-ദാസന്മാരെ എല്ലാം ഉൾപ്പെടുത്തിക്കൊണ്ട് M.E.C. ഇപ്രകാരം പാടി:

"നാടില്ല നമുക്കീയുലകിൽ
വീടില്ല നമുക്കീ മരുവിൽ
സ്വർല്ലോകത്തിൽ തങ്കതെരുവിൽ
നാം കാണും വീടൊന്നു വിരവിൽ."
(ആത്മീയഗീതങ്ങൾ 953).

കർത്തൃദാസൻ ബില്ലിഗ്രഹാമിന്റെ ജീവിതാനുഭവവും മറ്റൊന്നല്ല. തന്റെ സ്കൂൾ ജീവിതത്തിൽ, പിതാവിന്റെ പശുത്തൊഴുത്തിലെ 10 പശുക്കളെ തീറ്റിപ്പോറ്റി, തൊഴുത്തു വൃത്തിയാക്കി, പാൽ കറന്ന് കൊടുത്തിട്ടു വേണം സ്കൂളിൽ പോകുവാൻ, കോളേജിൽ പഠനത്തിന് ടൂത്ത് പേസ്റ്റും, ബ്രഷും ഇടവേളയിൽ പോയി വിൽക്കണമായിരുന്നു. (Just As I am- എന്ന തന്റെ ജീവചരിത്രം വായിക്കുക.)

ദൈവത്തിന്റെ സകല 'ദാസന്മാർക്കും' ഒരു പോലെ ബാധകമായ പ്രമാണമാണിത്. അവരെ ശുശ്രൂഷയ്ക്ക് അയയ്ക്കുന്നതിന് അവരുടെ 'വിശ്വസ്തത' തെളിവാൻ അവർ 'പരിശോധനയിൽ' കൂടെ കടന്നു പോകണം. 'നിഗളിച്ചിട്ടു പിശാചിനു വന്ന ശിക്ഷാവിധിയിൽ അകപ്പെടാതിരിക്കേണ്ടതിന് പുതിയ ശിഷ്യനും അരുത്' എന്നിങ്ങനെ ദൈവത്തിന്റെ പ്രമാണം വളരെ വ്യക്തമാണ്. (1 തിമൊ. 3:6).

ഒരു "ദൈവപൈതൽ" ആയിരിക്കുക എന്നതും ദൈവത്തിന്റെ ഒരു ദാസൻ അഥവാ 'ശുശ്രൂഷകൻ' ആയിരിക്കുക എന്നതും വളരെ വ്യത്യസ്തമായ രണ്ടു കാര്യങ്ങളാണ്. വിദ്യാഭ്യാസത്തിന്റെയോ പണത്തിന്റെയോ സ്വാധീനത്തിന്റെയോ വാഗ്വൈഭവത്തിന്റെയോ, വ്യക്തി വൈഭവത്തിന്റെയോ പേരിൽ ഒരുവനെ കർത്താവിന്റെ തോട്ടത്തിൽ വേലചെയ്വാനയച്ചാൽ, സഭയിലെ ശുശ്രൂഷകൾ ചെയ്വാൻ അനുവദിച്ചാൽ തീർച്ചയായും ഗുണത്തേക്കാൾ അധികം ദോഷമായിരിക്കും ഫലം. നമുക്ക് ആ സഹോദരൻ പ്രിയങ്കരനല്ലാഞ്ഞിട്ടാണോ? അല്ല. പിന്നെയോ, താൻ വേലയിൽ പ്രായോഗിക പരിജ്ഞാനം പ്രാപിച്ചവനല്ല. ഒരു നിത്യ സത്യമുണ്ട്, "ദൈവിക ശിക്ഷണത്തിന്റെ സുനിശ്ചിതത്വവും, സുന്ദരവുമായ ഫലങ്ങളായ ശിക്ഷണം പ്രാപിച്ച ആത്മാവ്, പക്വതയാർന്ന വിവേചന ബുദ്ധി, ജഡാഭിലാഷങ്ങളെ കീഴടക്കുന്ന ഹൃദയം, നിയന്ത്രണാധീനവും മരിപ്പിച്ചതുമായ മനസ്സ്, മൃദുലഭാഷണം എന്നിവ പരസ്യശുശ്രൂഷയിൽ ഏർപ്പെടുന്ന ഒരുവന് അത്യന്താപേക്ഷിതമത്രേ" (സി.എച്ച്. മക്കിന്റോഷ്). ഇപ്പറഞ്ഞ ആത്മീയ യോഗ്യതകൾ ഏതെങ്കിലും ഇല്ലാതെ മുഖ്യസ്ഥാനം എടുക്കുന്നവർ- അത് മൂപ്പനാകട്ടെ ശുശ്രൂഷകനാകട്ടെ, സഭയുടെ വക്താവാകട്ടെ, മറ്റാരും ആകട്ടെ- അധികം താമസം കൂടാതെയോ, അല്പം താമസിച്ചോ അടിതെറ്റി വീണു പോകുന്നത് നാം സാധാരണ കാണാറുള്ളതല്ലേ. "കർത്താവായ യേശുവെ, അടിയങ്ങളെ, ബലഹീനരായ നിന്റെ ദാസന്മാരെ അത്യന്തം വാഴ്ത്തപ്പെട്ട അവിടുത്തെ ആളത്വത്തിന്റെ ഉറ്റ സാമീപ്യത്തിലും, അവിടുത്തെ ഉള്ളങ്കൈയിലും കാത്തുകൊള്ളേണമേ" എന്നതായിരിക്കട്ടെ നമ്മുടെ ഓരോരുത്തരുടെയും പ്രാർത്ഥന.

**"തന്റെ ദുഃഖങ്ങളിൽ അവൻ ഒരിക്കൽപോലും കണ്ണീർ ഒഴുക്കിയില്ല, എന്നാൽ എനിക്കു വേണ്ടി അവന്റെ രക്തം തന്നെ വിയർപ്പുതുള്ളികളായി തീർന്നു." ഈ ഓർമ്മ നമ്മെ വിനയപ്പെടുത്തട്ടെ.**

പ്രിയരേ, ശാഠ്യത്താലോ ദുരഭിമാനത്താലോ ഒന്നും ചെയ്യാതെ, താഴ്മയോടെ ഓരോരുത്തൻ മറ്റുള്ളവനെ തന്നേക്കാൾ ശ്രേഷ്ഠൻ എന്ന് എണ്ണിക്കൊൾവീൻ. ഓരോരുത്തനും സ്വന്ത ഗുണമല്ല, മറ്റുള്ളവന്റെ ഗുണവും കൂടെ നോക്കേണം. ക്രിസ്തുയേശുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ (ഫിലി. 2:3-5). മറ്റുള്ളവരോടുള്ള യേശു കർത്താവിന്റെ മനോഭാവം എന്തായിരുന്നു? ക്രിസ്തുവിന്റെ മനസ്സിന്റെ മനോഹാരിതയെ Guy King ഇപ്രകാരം നന്നായി വിവരിച്ചിരിക്കുന്നു. 1. നിസ്വാർത്ഥമായ മനസ്സ്. 2. യാഗമായിത്തീരുന്ന മനസ്സ് 3. ശുശ്രൂഷിക്കുന്ന മനസ്സ്. കർത്താവായ യേശു ക്രിസ്തു നിരന്തരമായി മറ്റുള്ളവർക്കു വേണ്ടി ചിന്തിക്കുന്നവനായിരുന്നു.

Charles H. Gabrielന്റെ വാക്കുകളെ സ്മരിക്കട്ടെ: "തന്റെ ദുഃഖങ്ങളിൽ അവൻ ഒരിക്കൽപോലും കണ്ണീർ ഒഴുക്കിയില്ല, എന്നാൽ എനിക്കു വേണ്ടി അവന്റെ രക്തം തന്നെ വിയർപ്പുതുള്ളികളായി തീർന്നു." ഈ ഓർമ്മ നമ്മെ വിനയപ്പെടുത്തട്ടെ.

തൃശ്ശൂർ കിഴക്കെകോട്ട ക്രിസ്റ്റ്യൻ ബ്രദറൺ ചർച്ചിന്റെ
**111-ാം വാർഷിക**
**സുവിശേഷ മഹായോഗം 2014**
**ഏപ്രിൽ 13 ഞായർ മുതൽ 20 ഞായർ വരെ 8 ദിവസം എന്നും വൈകിട്ട് 6.30-ന്**
**പ്രസംഗകർ: ഡോ. ജോബ് സുദർശൻ (വിജയവാഡ), പി.വി. ജയിംസ് (വാളകം), സജീവ് വർഗീസ് (കോട്ടയം), പി.സി. വർഗീസ് (പെരുവ)**
ബൈബിൾ ക്ലാസ്സ്: 14 തിങ്കൾ മുതൽ 19 ശനി വരെ കാലത്ത് 7.30-ന്
സോദരീ കൂട്ടായ്മ: 16 ബുധൻ ഉച്ച കഴിഞ്ഞ് 2 മുതൽ 3. 30 വരെ
സണ്ടേസ്കൂൾ വാർഷികം: 18 വെള്ളി ഉച്ചകഴിഞ്ഞ് 2 മുതൽ 4.30 വരെ
യുവ സമ്മേളനം: 19 ശനി ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെ
ഹാർട്ട് ബീറ്റ്സ് അവതരിപ്പിക്കുന്ന ഗാനശുശ്രൂഷ.

ഗോത്രങ്ങൾ തേടി..... 74



## ഹിമാലയൻ പർവ്വതനിരകളിൽ വസിക്കുന്ന

# കാങ്ഗ്രി

**ജനസംഖ്യ : 17 ലക്ഷം**
**സാക്ഷരത : 70.5%**
**തിരുവചന ലഭ്യത : പുതിയനിയമ പരിഭാഷ പുരോഗതിയിൽ**

**ക്രിസ്തുമതം ഏകദേശം നൂറു വർഷം മുമ്പ് കാങ്ഗ്രിയിൽ എത്തിയതാണെങ്കിലും ഇന്നും അവരുടെ പ്രതികരണം വളരെ സാവധാനത്തിലാണ്.**

ക്രിസ്ത്യാനിയായ ഒരു സ്നേഹിതൻ കമലിനെ തന്റെ കുടുംബത്തിലെ ഒരു വിവാഹത്തിനു ക്ഷണിച്ചു. കമൽ ആദ്യം നിരസിക്കാൻ ഭാവിച്ചു എങ്കിലും പിന്നീട് ജിജ്ഞാസയാൽ ക്ഷണം സ്വീകരിച്ചു. ഈ കാങ്ഗ്ര ക്രിസ്ത്യൻ വിവാഹ ചടങ്ങുകൾ അവരുടെ സമൂഹത്തിന്റെ ദീർഘമായ മതകർമ്മങ്ങളിൽ നിന്നും വ്യത്യസ്തങ്ങളായിരുന്നു. കർമ്മങ്ങളുടെ ആരംഭത്തിൽ പ്രസംഗിച്ച മിഷനറി ഒരു സുവിശേഷ ദൂതു നൽകി. അതിൽ നിന്ന് കമലിന്റെ ഹൃദയത്തിൽ ഒരു വിത്തു വീണു. ഇതിനു ശേഷം കമലിന് ഒരു ആവശ്യത്തിനായി മറ്റൊരു സംസ്ഥാനത്തു പോകേണ്ടതായി വന്നു. അവിടെ അയാൾ ഒരു സഭയിൽ പോകുവാനും ആളുകൾ ആരാധിക്കുന്നത് കാണുവാനും ഇടയായി. അത് അയാളുടെ മനസ്സിൽ ചില ചോദ്യങ്ങൾ ഉണർത്തി. മറ്റൊരു വ്യക്തി അവയ്ക്കുള്ള മറുപടി പറഞ്ഞുകൊടുക്കുകയും വളരെ ലളിതമായ രീതിയിൽ സുവിശേഷം അയാളുമായി പങ്കുവയ്ക്കുകയും ചെയ്തു. അങ്ങനെ ഒരു രക്ഷകന്റെ ആവശ്യം തനിക്കുണ്ടെന്നു ബോധ്യമായ അയാൾ യേശു കർത്താവിനെ തന്റെ രക്ഷകനായി ഹൃദയത്തിൽ സ്വീകരിച്ചു. തുടർന്നുണ്ടായ അത്ഭുതങ്ങൾ കമലിനെ വിശ്വാസത്തിൽ ഉറപ്പിച്ചു, ബലപ്പെടുത്തി. ഇന്ന് അയാൾ ഒരു ഉറച്ച ക്രിസ്തീയ വിശ്വാസിയാണ്. കമൽ തന്റെ കുടുംബ ബന്ധത്തിലുള്ള പലരെയും കർത്താവിലേക്കു കൊണ്ടുവരുന്നതിന് ഒരു ഉപകരണമായി പ്രവർത്തിക്കുന്നു. മാത്രമല്ല തന്റെ മാതൃഭാഷയിലേക്ക് തിരുവചനം പരിഭാഷപ്പെടുത്താൻ സഹായിക്കുകയും ചെയ്യുന്നു.

ക്രിസ്തുവിലേക്ക് ഒരാളെ നയിക്കുന്ന വിവിധ ഘടകങ്ങൾ അയാളുടെ ജീവിതത്തിൽ വരുത്തുന്ന വ്യത്യാസങ്ങൾക്ക് ഒരു ഉത്തമ ഉദാഹരണമാണ് കമൽ. ഹിമാലയൻ പർവ്വതനിരകളുടെ അടിവാരത്തിൽ ഹിമാചൽ പ്രദേശിലെ കാങ്ഗ്ര ജില്ലയിലാണ് കാങ്ഗ്ര ജനത വസിക്കുന്നത്. കാങ്ഗ്ര ജില്ലയിലെ പാലമ്പൂർ ടൗണിനു ചുറ്റുമുള്ള പ്രദേശങ്ങൾ തേയിലത്തോട്ടങ്ങളാണ്. ലോകപ്രസിദ്ധമായ "കാങ്ഗ്ര ടീ" യുടെ ജന്മനാടാണിത്. ഭൂമി വളരെ ഫലപുഷ്ഠിയുള്ളതാണ്. എന്നാൽ കുന്നിൻ പ്രദേശങ്ങളാകയാൽ പലയിടത്തും കൃഷിയൊന്നുമില്ല. അങ്ങിങ്ങായി തരിശുഭൂമികളും ചെറുകാടുകളും കാണാം. എങ്കിലും കൃഷിയാണ് സമ്പദ്വ്യവസ്ഥയുടെ ഒരു പ്രധാന ഭാഗം.

പുറത്തു നിന്നുള്ള ആരെയും സ്വാഗതം ചെയ്യാൻ മടികാണിക്കാത്തവരാണ് കാങ്ഗ്രകൾ. അവരുടെ മതവിശ്വാസത്തെ കുറ്റം പറയരുത് എന്നു മാത്രം. ക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിക്കുന്ന പുറത്തു നിന്നുള്ളവർ തങ്ങളെ ക്രിസ്ത്യാനികളാവാൻ നിർബന്ധിക്കുന്നവരാണെന്ന് ചിലപ്പോൾ ഇവർ കുറ്റപ്പെടുത്താറുണ്ട്. ഇവിടെ മതപരിവർത്തനം ജാമ്യമില്ലാത്ത കുറ്റമായി പരിഗണിക്കപ്പെടുന്നു. ഇതിനുള്ള ശിക്ഷ പണമായും ഒരു വർഷം വരെ തടവുകിട്ടാവുന്ന കുറ്റമായും നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഇവിടെ ദൈവം അത്ഭുതങ്ങൾ പ്രവർത്തിക്കുന്നു. അനേകർ കർത്താവിങ്കലേക്ക് വന്നുകൊണ്ടിരിക്കുന്നു.

### പ്രാർത്ഥനയ്ക്കായി

- കാങ്ഗ്രി ഭാഷയിൽ നടന്നുകൊണ്ടിരിക്കുന്ന തിരുവചന പരിഭാഷയ്ക്കായി...
- കൂടുതൽ കാങ്ഗ്ര ജനം മാനസാന്തപ്പെടേണ്ടതിനും യേശുക്രിസ്തുവിനെ കർത്താവായി സ്വീകരിക്കേണ്ടതിനും...
- മതപരിവർത്തന നിയമം സുവിശേഷഘോഷണത്തിനു തടസ്സം വരുത്താതിരിക്കുവാൻ...

**ഇ.ജെ.പി.** (കടപ്പാട്: എൻ.എൽ.സി.ഐ.)

# ...ഞങ്ങൾ ദൈവത്തിനു കൊള്ളാവുന്നവരായി തെളിഞ്ഞതുപോലെ... (1തെസ്സ. 2:4)

**ജേക്കബ് കൊടക്കൽ**

## 'അനുസരണം' കുട്ടികളെ പഠിപ്പിക്കാനുള്ള ഒരു വിഷയവും, 'വിശ്വസ്തത' ക്യാമ്പ് തീമിനുള്ള വാക്കുമായി ചുരുങ്ങിയിരിക്കുന്നു....!

ഭൂതകാലത്തെ വിലയിരുത്തിക്കൊണ്ടും വർത്തമാനകാലത്തിലെ വെല്ലുവിളികളെ തട്ടി തെറിപ്പിച്ചുകൊണ്ടും ഭാവിയെക്കുറിച്ചുള്ള ശുഭാപ്തി വിശ്വാസം മുറ്റുന്ന വാക്കുകളാണിവ. മതത്തിനു വേണ്ടി മരിക്കാനും കൊല്ലാനും നടന്ന ഒരു തീവ്രവാദിയുടെ വാക്കുകളല്ലിത്. സർവ്വകലാശാലകളിൽ നിന്നും നേടിയ അറിവിന്റെ അഹങ്കാരവുമല്ല. പിന്നെയോ യേശുവിന്റെ ആത്മാവിനാൽ പിടിക്കപ്പെട്ട പാകത വന്ന പടയാളിയുടെ പോർക്കളത്തിൽ നിന്നുകൊണ്ടുള്ള ശബ്ദമായിട്ടേ ഇതിനെ കേൾക്കാൻ കഴിയൂ! കാലത്തിലൂടെ കാൽ നടയാത്രചെയ്ത് കാലം നേടിക്കൊടുത്ത അനുഭവ കരുത്തിന്റെ സന്ദേശമാണ് ഇത്. ഫിലിപ്പിയയിൽ വച്ച് അനുഭവിച്ച കഷ്ടതയുടെയും അപമാനത്തിന്റെയും മുമ്പിൽ തോറ്റുപോയ ഭീരുവിന്റെ പേടിപ്പെടുത്തുന്ന വാക്കുകളുമല്ല ഇത് (1 തെസ്സ 2:2). നന്മയുടെയും തിന്മയുടെയും പോരാട്ട മധ്യെ അന്തിമ ജയം ദൈവത്തിനാണെന്നു കണ്ടറിഞ്ഞ് പൗലോസിന്റെ വാക്കുകളിൽ മറഞ്ഞു കിടക്കുന്ന ചില ആത്മിക സത്യം പരതുകയാണ് ഈ ലേഖനം.

വായിച്ചറിഞ്ഞും കേട്ടറിഞ്ഞുമുള്ള ദൈവത്തെയല്ല ഇന്ന് പൗലോസ് സേവിക്കുന്നത്. പ്രത്യുത, കണ്ടറിഞ്ഞതും രുചിച്ചറിഞ്ഞതുമായ ദൈവത്തെയാണ്. നീ ആരാകുന്നു കർത്താവെ എന്ന് ഒരിക്കൽ താൻ ചോദിച്ചു. പിന്നീടൊരിക്കലും ആ ചോദ്യം ആവർത്തിക്കേണ്ടിവന്നില്ല. സൂര്യനെ ഉണ്ടാക്കിയത് ദൈവമാണെന്ന് തനിക്കറിയാമായിരുന്നു. എന്നാൽ സൂര്യനെവെല്ലുന്ന പ്രകാശത്തിന്റെ ഉടമയായ ദൈവം പട്ടാപ്പകൽ തന്നെ "അറ്റാക്ക്' ചെയ്യുമെന്ന് ഈ ബെന്യാമീൻ ഗോത്രക്കാരൻ തീരെ പ്രതീക്ഷിച്ചതല്ല പ്രവൃ. 9:3–5. തനിക്കു വെളിപ്പെട്ടു കിട്ടിയ കർത്താവിനെ തെസ്സലോനിക്യ വിശ്വാസികൾക്ക് പരിചയപ്പെടുത്തി കൊടുക്കുന്ന വേളയിൽ ഇന്നും താൻ എന്തുകൊണ്ട് കർത്താവിന്റെ വേലയിൽ നില നിൽക്കുന്നു എന്ന് വെളിപ്പെടുത്തുകയാണ് പൗലോസ്.

ഈ വാക്യത്തിലെ മൂന്ന് ആശയം പ്രിയ വായനക്കാർ ശ്രദ്ധിക്കേണ്ടതാണ്. എന്തുകൊണ്ട് ഈ ദൗത്യം ഭരമേൽപ്പിച്ചു. വിശ്വസ്തത, സത്യസന്ധത, അനുസരണം. മനുഷ്യകുലത്തിൽ നിന്ന് എങ്ങനെയോ വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന മൂന്നു സ്വഭാവ വിശേഷങ്ങൾ! ശലോമോൻ രാജാവ് വളരെ താൽപര്യമായി അന്വേഷിച്ചിട്ട് ആയിരംപേരിൽ ഒരു പുരുഷനെ കണ്ടെത്തി. ഇത്രയും പേരിൽ ഒരു സ്ത്രീയെ കണ്ടെത്തിയില്ല (സഭാ. 7:28). വിശ്വസ്തതയും, സത്യസന്ധതയും, അനുസരണവുമാണ് താൻ അന്വേഷിച്ചതെങ്കിൽ ഒരുപക്ഷെ താൻ പരാജയപ്പെടുമായിരുന്നു. ദൈവത്തെ നാം വിശ്വസിക്കുന്നത് വിശ്വാസവും, ദൈവം നമ്മെ വിശ്വസിക്കുന്നതിനെ വിശ്വസ്ത എന്നും നാം മനസ്സിലാക്കിയവരാണ്. ദാവീദിന്റെ കാലത്ത് തന്നെ മനുഷ്യപുത്രന്മാരിൽ കുറഞ്ഞു കൊണ്ടിരിക്കുന്ന ഈ സ്വഭാവത്തെ ഇന്ന് ഒരന്വേഷണം നടത്തിയാൽ എന്തായിരിക്കും അവസ്ഥ (സങ്കീ. 12:1). ശുശ്രൂഷാരംഗത്ത് നിൽക്കുന്നവർ, സുവിശേഷകർ, മൂപ്പന്മാർ, മുഖ്യസ്ഥാനത്തു നിൽക്കുന്നവർ, വിശ്വാസികൾ എല്ലാവരും സ്വയപരിശോധനയ്ക്ക് വിധേയപ്പെടേണ്ട വാക്കുകളല്ലേ ഇത്.

ഇങ്ങനെയൊക്കെ പോയാൽ മതി എന്ന് വിചാരിക്കുന്ന എത്ര വിശ്വാസികൾ സഭാതലങ്ങളിൽ കാണാൻ സാധിക്കും. പുരോഹിതർ വിശ്വസ്തരല്ലാതെ വന്നതിന്റെ പരിണതഫലം ലേവി പുരോഹിതർ അനുഭവിച്ചത് പ്രവാചക പുസ്തകങ്ങളിൽ നാം വായിക്കുന്നുണ്ട്. ഒരു ഉണങ്ങിയ അപ്പക്കഷണത്തിനു പോലും അവർ കൊതിക്കേണ്ടി വന്നില്ലേ? ഒരു പുരോഹിതന്റെ വീട്ടിൽ വേലയ്ക്കു നിൽക്കാൻ കൊതിച്ചില്ലേ ലേവ്യർ. ഇന്നും വിലാപമതിലിൽ പോയി കരയുന്ന യഹൂദൻ നമ്മിൽ ഒരു വികാരവും വരുത്തുന്നില്ലേ?

അനുഭവത്തിലും പ്രവൃത്തിയിലും ഇല്ലാത്തത് സത്യസന്ധതയല്ല. ഏൽപ്പിച്ച ജോലി ചെയ്യാതിരിക്കുന്നത് അവിശ്വസ്തതയുടെയും അനുസരണക്കേടിന്റെയും ലക്ഷണമാണ്. ഞാൻ ആരാണെന്നറിഞ്ഞിട്ടും നിസ്സംഗനായാൽ ഉത്തരവാദിത്വമില്ലായ്മയാണ്. ഇവിടെ സിംഹാസനവും അവിടെ കിരീടവും പ്രതീക്ഷിക്കുന്നത് ശുഭകരമായ പ്രതീക്ഷയല്ല. ഇവിടെ കഷ്ടത അവിടെ കിരീടം. അതെ അങ്ങനെതന്നെയാണ് വചനം പറയുന്നത്. ആരാധനാ കൂടിവരവുകളിൽ പ്രാർത്ഥനാ കൂടിവരവുകളിൽ, ബൈബിൾ ക്ലാസ്സുകളിൽ സഭയുടെ ഇതര കൂടിവരവുകളിലെല്ലാം നമ്മുടെ വിശ്വസ്തത നാം വെളിപ്പെടുത്തേണ്ടതാണ്. നിൽക്കുന്ന സഭയോടുള്ള കൂറ്, നമ്മെ ഏൽപ്പിച്ച ശുശ്രൂഷയോടുള്ള പ്രതിബദ്ധത ഇതിലെല്ലാം ദൈവവും, കൂട്ടുവിശ്വാസികളും നമ്മുടെ വിശ്വസ്തതയും സത്യസന്ധതയും ഉത്തരവാദിത്തബോധവും അളക്കുന്നുണ്ട്. ഇത് നാം മറന്നു പോകരുത്. കൂട്ടു വിശ്വാസികളെ ഉൾക്കൊള്ളാൻ കഴിയാത്ത വിശുദ്ധന്മാരുടെ എണ്ണവും വർധിച്ചു വരികയാണ്. സ്നേഹം പുസ്തകങ്ങളിലും വാക്കുകളിലും മാത്രം ഒതുങ്ങിപ്പോയിരിക്കുന്നു എന്നത് പരക്കവെ അറിവുള്ള സത്യമാണ്. സ്തോത്രകാഴ്ച വിശ്വസിച്ച് ഒരാളെ ഏൽപ്പിക്കാൻ പറ്റാത്ത സ്ഥിതിയായെന്ന് പറഞ്ഞ ഒരപ്പച്ചനെ ഓർത്തു പോകയാണ്. സഭയുടെ ആവശ്യത്തിന് ലഭിച്ചില്ലെന്നു മാത്രമല്ല ഒരിക്കലും തിരിച്ചുകൊടുക്കയില്ലെന്നു വന്നാൽ! ഹോളുപണിയുടെ ധനശേഖരണാർത്ഥം പിരിക്കാൻ കൊണ്ടുപോയ രസീത് ബുക്കുമില്ല പണവുമില്ല എന്നു വന്നാൽ... വിശ്വസ്തതയുടെയും സത്യസന്ധതയുടെയും കാര്യത്തിൽ വളരുകയാണോ തളരുകയാണോ ദൈവജനം. എവിടെയൊക്കെയോ മൂല്യച്യുതി വന്നുപോയിട്ടില്ലേ? അൽപ്പത്തിനു വിശ്വസ്തനാവാൻ കഴിയാത്ത അവസ്ഥ വന്നാൽ നമ്മെ ആര് അധികത്തിനു വിചാരകനാക്കും. വിഗ്രഹത്തെ സേവിക്കരുതെന്നു പറഞ്ഞിട്ട് ക്ഷേത്രം കവർച്ച ചെയ്യുവാൻ പോയ കാര്യം പൗലോസു പറയുന്നതു പോലെയല്ലേ ഈ കാര്യവും.

നെഹമ്യാവിന്റെ കാലത്തെ വിശ്വസ്തതയെക്കുറിച്ച് 13:13–ൽ നാം വായിക്കുന്നു. ധാന്യം എണ്ണ വീഞ്ഞ് എന്നിവയുടെ ദശാംശത്തിൽ സത്യസന്ധത പാലിച്ച പെദായാവും, സാദോക്ക് ശാസ്ത്രിയും നമുക്ക് മാതൃകകൾ അല്ലേ? ഈ അടുത്ത കാലത്തു കണ്ടു വരുന്ന ഒരു കാര്യം അവാസ്തവമായ പ്രസ്താവനകളാണ്. തൽഫലമായി സത്യസന്ധതയോടെയും ആത്മാർത്ഥമായും വേല ചെയ്യുന്നവരും സംശയത്തിന്റെ നിഴലിൽ പെട്ടുപോകുന്നു. സ്ഥലം സഭയിലെ കൂട്ടുവിശ്വാസികൾ നമ്മെ വിശ്വസിച്ച് ഒരു കാര്യം ഭരമേൽപ്പിക്കുമോ? 'അനുസരണം' കുട്ടികളെ പഠിപ്പിക്കാനുള്ള ഒരു വിഷയവും, 'വിശ്വസ്തത' ക്യാമ്പ് തീമിനുള്ള വാക്കുമായി ചുരുങ്ങിയിരിക്കുന്നു....!

വാങ്ങിക്കുന്നതിനെക്കാൾ കൊടുക്കുന്നത് നല്ലതെന്ന് കർത്താവിൽ നിന്നു പഠിച്ച പൗലോസ്. 36 വർഷം കൊണ്ട് നേടി– ഒരു പുതപ്പും, കുറച്ചു പുസ്തകങ്ങളും. എന്നാൽ ആത്മികമായി തനിക്ക് അടിവര ഇട്ട് പറയുവാനുണ്ട് ഒത്തിരി... ഒത്തിരി. 'ഞാൻ അധ്വാനിച്ചു. ഏറ്റവുമധികം അധ്വാനിച്ചു! ഞാൻ ഓടി. ഇല്ല്യൂര്യദേശത്തോളം ഓടി. ഞാൻ അടികൊണ്ടു വളരെ വളരെ. പിടിച്ചു കഴിഞ്ഞില്ല, തികഞ്ഞവനായിട്ടില്ല. ഇനിയും പിടിക്കാമോ എന്നുവെച്ചു പിൻതുടരുന്നതേയുള്ളൂ!!! ദൈവത്തിനു സ്തോത്രം. ക്രിസ്തുവിന്റെ പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത എന്നെ കൊണ്ടെത്തിച്ചു സകലവും ചവറ് എന്ന് എണ്ണുവാൻ. ക്രിസ്തുവിന്റെ ജീവൻ വെളിപ്പെടേണ്ടതിന് ഞാൻ എന്റെ ശരീരത്തെ സദാ സമയവും മരണത്തിന് ഏൽപ്പിച്ചുകൊടുത്തിരിക്കയാണ്. അതെ ഞങ്ങൾ ദൈവത്തിനു കൊള്ളാവുന്നവരായി തെളിഞ്ഞു. എന്നാൽ ഇന്ന് എന്തു നേടി? വീടും വയലും തോട്ടങ്ങളും നേടി. മക്കൾക്ക് ഉന്നവിദ്യാഭ്യാസം നേടി. അതിനായി ഏതു പടിവരെ താഴാനും തയ്യാറായി! എന്തെല്ലാം നഷ്ടമായി – ഒത്തിരി... ഒത്തിരി. സ്വയം ചിന്തിച്ച് ശോധന ചെയ്യുക. ദൈവത്തിനു കൊള്ളാവുന്നവരായിതെളിയുവാൻ ഇനിയെങ്കിലും തീരുമാനിക്കാം.

വഴിയും വിളക്കും...



# നീ ഉറങ്ങുന്നുവോ...?

സാം പ്രസാദ്, മുള്ളരിങ്ങാട്

ആരോഗ്യകരമായ ജീവിതത്തിന് കൃത്യമായ ഉറക്കം ആവശ്യമാണ്. എന്നാൽ, നമ്മുടെ ദൈവം ആഗ്രഹിക്കാത്ത ഒന്നാണ് ആത്മിക കാര്യങ്ങളിലെ ഉറക്കവും മയക്കവും. ഇന്നത്തെ ആധുനിക ലോകത്തിന് വന്നുപോയ പരാജയവും ഇതുതന്നെയാണ്. ഉന്നതമായ ദൈവിക വാഗ്ദത്തങ്ങളെ അവകാശമാക്കുവാൻ ഉറക്കത്തിൽ നിന്നും എഴുന്നേൽക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഉറക്കത്തിൽ നിന്നും എഴുന്നേൽപ്പിക്കുന്നത് എളുപ്പമാണെങ്കിലും ഉറക്കം നടിക്കുന്നവരെ എഴുന്നേൽപ്പിക്കുക എളുപ്പമല്ല. ആയതിനാൽ, നാം ഉറങ്ങുകയാണോ... ഉറക്കം നടിക്കയാണോ... എന്ന് ആദ്യം പരിശോധിക്കണം. ബൈബിളിലേക്ക് കടന്നു ചെന്നാൽ ഉറങ്ങിയ അനേകരെ നമുക്ക് കാണാൻ കഴിയും അവരിൽ ചിലരെ പരിചയപ്പെടാം.

### 1. ചൂരച്ചെടിയുടെ തണലിൽ ഉറങ്ങിയ ഏലിയാവ്

ജീവിക്കുന്ന ദൈവത്തിനുവേണ്ടി അധ്വാനിക്കയും ആ ദൈവത്തെ വിശ്വസിക്കയും ചെയ്ത ഒരു മഹാനായ വ്യക്തി ആയിരുന്നു ഏലിയാവ്. രാജാക്കന്മാരുടെ പുസ്തകം 18-ാം അധ്യായം വായിച്ചതിനു ശേഷം ഏലിയാവിന്റെ ചൂരച്ചെടിയുടെ തണലിലെ ഉറക്കത്തെപ്പറ്റി വായിച്ചാൽ കർമ്മേൽ പർവ്വതത്തിൽ ദൈവശക്തിയാൽ ബാലിന്റെ പ്രവാചകന്മാരെ മുട്ടുകുത്തിച്ച ഏലിയാവ് തന്നെയാണോ ഇതെന്ന് നമുക്ക് തോന്നിപ്പോകും. ബാലിന്റെ 450 പ്രവാചകന്മാരുടെ മുമ്പിൽ അടിപതറാതെ ഏകനായി നിന്ന ദൈവത്തിന്റെ പ്രവാചകൻ ആയ ഏലിയാവ് ഇസബേൽ എന്ന സ്ത്രീയുടെ വാക്കുകളെ പേടിച്ച് ജീവരക്ഷയ്ക്കായി ഓടി ചൂരച്ചെടിയുടെ തണലിൽ കിടന്ന് ഉറങ്ങി എന്ന സത്യം നാം തിരിച്ചറിഞ്ഞേ മതിയാവൂ.

ചില സമയങ്ങളിൽ നമ്മുടെയും അവസ്ഥ ഇങ്ങനെ തന്നെയാണ് എന്നത് സത്യമാണ്. അതുവരെ ദൈവം നടത്തിയ അത്ഭുത വഴികളെ മറന്ന് ചെറിയ പ്രശ്നങ്ങളുടെ മുന്നിൽ നാമും ചിലപ്പോൾ പകച്ചു നിൽക്കാറുണ്ട്. "ഇതുവരെ എന്നെ കരുതിയ നാഥാ, ഇനി എനിക്കെന്നും തവ കൃപ മതിയാം" എന്നു പാടാൻ പോലും നാം അപ്പോൾ മറന്നു പോകും. കെരീത്ത് തോട്ടിലെ വെള്ളം വറ്റിയപ്പോഴും കാക്കയുടെ വരവ് നിലച്ചപ്പോഴും സാരെഫാത്ത് ഒരുക്കി പോറ്റിയ ദൈവിക വഴികളെ ഏലിയാവ് മറന്നതു പോലെ നാമും അറിയാതെ മറക്കും. എന്നാൽ ദൈവം ഏലിയാവിനോട് ആവശ്യപ്പെട്ടതുപോലെ നമ്മോടും എഴുന്നേൽക്കാൻ ആവശ്യപ്പെടുന്നു.

ഇസബേലിനെ പേടിച്ച ഏലിയാവ് ഒരു ചൂരച്ചെടിയുടെ തണലിൽ കിടന്ന് മരിക്കാനാണ് ആഗ്രഹിച്ചത്. അവൻ അങ്ങനെ ചിന്തിച്ച് കിടന്ന് ഉറങ്ങിപ്പോയി. എന്നാൽ ഏലിയാവ് അവിടെ കിടന്ന് ഉറങ്ങുക എന്നത് അല്ലായിരുന്നു ദൈവിക ഹിതം. തന്റെ ദാസനായ ഏലിയാവ് ചൂരച്ചെടിയുടെ ചുവട്ടിൽ ഒരു അനാഥനെപ്പോലെ മരിക്കാൻ ദൈവം ആഗ്രഹിച്ചില്ല, മറിച്ച് അഗ്നിരഥവും, അഗ്നിഅശ്വങ്ങളും വന്ന് ജീവനോടെ തന്റെ ദാസനെ ചുഴലിക്കാറ്റിൽ സ്വർഗ്ഗത്തിലേക്ക് എടുക്കാനാണ് ദൈവം ആഗ്രഹിച്ചത്.

**തന്റെ ദാസനായ ഏലിയാവ് ചൂരച്ചെടിയുടെ ചുവട്ടിൽ ഒരു അനാഥനെപ്പോലെ മരിക്കാൻ ദൈവം ആഗ്രഹിച്ചില്ല, മറിച്ച് അഗ്നിരഥവും, അഗ്നിഅശ്വങ്ങളും വന്ന് ജീവനോടെ തന്റെ ദാസനെ ചുഴലിക്കാറ്റിൽ സ്വർഗ്ഗത്തിലേക്ക് എടുക്കാനാണ് ദൈവം ആഗ്രഹിച്ചത്.**

പ്രിയ ദൈവജനമെ, കർത്താവിന്റെ മുന്തിരിത്തോട്ടത്തിൽ ആയിരിക്കുന്ന ദൈവ ദാസന്മാരെ, നാം ദൈവത്തിനുവേണ്ടി അനേകം കാര്യങ്ങൾ ചെയ്തവർ ആയിരിക്കാം. ദൈവ ഭക്തിയോടെ ജീവിച്ചവർ ആയിരിക്കാം.എന്നാൽ ചൂരച്ചെടിയുടെ തണലിൽ ഉറങ്ങുവാനോ, ഒരു അനാഥനെപ്പോലെ അവിടെ കിടന്ന് മരിക്കാനോ അല്ല ദൈവം നമ്മെപറ്റി ആഗ്രഹിക്കുന്നത്. നാം പലപ്പോഴും ദൈവത്തെ ഉപദേശിക്കാൻ ശ്രമിക്കും. നമ്മുടെ മാനുഷിക ബുദ്ധികൊണ്ട് ചിലതെല്ലാം നിർണ്ണയിക്കയും ചെയ്യും. എന്നാൽ, എന്റെയും നിങ്ങളുടെയും നിരൂപണങ്ങളിൽ നിന്നും ഏറെ വ്യത്യസ്തമാണ് ദൈവത്തിന്റെ നിരൂപണം. ദൈവം നമുക്കായി വിചാരിക്കുന്നത്, കണ്ണുകൊണ്ട് കാണാത്തവിധവും, ചെവികൊണ്ട് കേൾക്കാൻ കഴിയാത്ത വിധവും, ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നാത്ത വിധത്തിലുമാണ്.

ഏലിയാവ് വിചാരിച്ചത്, താൻ ഇനി ആർക്കും വേണ്ടാത്തവനാണ് ഉപയോഗശൂന്യനാണ് എന്നാണ്. എന്നാൽ, സാഫാത്തിന്റെ മകനായ എലീശായെ കണ്ടെത്തുക എന്നതും, കാളയെ പൂട്ടി ഉഴുവിച്ചു കൊണ്ടിരിക്കുന്ന അവനെ ഏലിയാവിന്റെ ശുശ്രൂഷക്കാരൻ ആക്കുക എന്നതും ഏലിയാവിൽ ശേഷിച്ച കടമകൾ ആയിരുന്നു. നമുക്ക് പിന്നിൽ നാം പിൻപറ്റിയ ദൈവത്തെ ശുശ്രൂഷിക്കുവാൻ ശുശ്രൂഷക്കാരെ കണ്ടെത്തുക എന്നത് നമ്മുടെ കർത്തവ്യം ആണ്. കടമകളെ പൂർണ്ണമായി നിറവേറ്റി ദൈവിക ഹിതത്തിനായി കാത്തിരിക്കാൻ ദൈവം നമ്മെ സഹായിക്കട്ടെ.

### 2. കപ്പലിന്റെ അടിത്തട്ടിൽ ഉറങ്ങിയ യോന

ദൈവത്തിന്റെ പ്രവാചകനായിരുന്നു യോന എങ്കിലും ദൈവിക അരുളപ്പാടിനെ അനുസരിക്കുവാൻ ആദ്യം യോനയ്ക്ക് കഴിഞ്ഞില്ല. നിനെവെയുടെ ദുഷ്ടത ദൈവസന്നിധിയിൽ വലുതായപ്പോൾ നിനെവെയ്ക്ക് എതിരെ പ്രസംഗിക്കാനാണ് യോനയ്ക്ക് അരുളപ്പാടുണ്ടായത്. എന്നാൽ ദൈവസന്നിധിയിൽ നിന്നും യോന നേരെ ഓടിയത് തർശ്ശീശിലേക്ക് ആയിരുന്നു. തർശ്ശീശിലേക്ക് പോകാൻ കപ്പലിൽ കയറിയ യോന അടിത്തട്ടിൽ കിടന്ന് നന്നായി ഉറങ്ങി. ദൈവിക സന്നിധിൽ നിന്നും അകന്ന് ദൈവിക അരുളപ്പാടിന് നമ്മെ തന്നെ സമർപ്പിക്കാതെ ലോകത്തിന് അധീനരായി ജീവിക്കാൻ ആഗ്രഹിക്കുന്ന ഏതൊരു വിശ്വാസിക്കും സംഭവിക്കാവുന്ന ഒരു അവസ്ഥയാണ് ഇത്. കപ്പൽ തകർന്നുപോകുവാൻ തക്ക പെരുങ്കാറ്റിന്റെ നടുവിൽ അതിന്റെ അടിത്തട്ടിൽ ഒരു വ്യക്തിക്ക് എങ്ങനെ ഉറങ്ങാൻ കഴിയും എന്ന് നാം ചിന്തിച്ചു പോകും. എന്നാൽ ഇത്ര പ്രശ്നസങ്കീർണ്ണമായ അവസ്ഥയിലും യോനയ്ക്ക് നന്നായി ഉറങ്ങാൻ കഴിഞ്ഞു. ഉറങ്ങുന്ന പ്രവാചകനോട് കപ്പൽ പ്രമാണി പറയുന്ന വാക്കുകൾ ശ്രദ്ധേയമാണ്. "നാം നശിക്കാതിരിക്കേണ്ടതിന് പ്രാർത്ഥിപ്പിൻ" എന്നു വച്ചാൽ, ദൈവസന്നിധി വിട്ട് ലോകത്തോട് കൂടെ പോയ യോനയ്ക്ക് നശിച്ചു പോകുന്നവരെ പറ്റിയുള്ള ചിന്ത നഷ്ടമായി എന്നു വേണം പറയാൻ. പുറത്ത് നടക്കുന്ന കാര്യങ്ങളെപ്പറ്റി മനസ്സിലാക്കാൻ കഴിയാത്ത ഒരു അവസ്ഥയിലേക്ക് ആ പ്രവാചകൻ മാറ്റപ്പെട്ടു.

ദൈവസന്നിധി വിട്ടു പോയ ആരുടെ കാര്യം എടുത്താലും ഇത് നമുക്ക് കാണാൻ കഴിയും. ദേശത്ത് ചെറിയ ഒരു ക്ഷാമം വന്നു എന്ന കാരണത്താൽ യഹൂദയിലെ ബേത്‌ലഹേമിൽ നിന്ന് എലീമേലെക്കിന്റെ കുടുംബം മോവാബിലേക്ക് പോയതായി രൂത്തിന്റെ പുസ്തകത്തിൽ നാം വായിക്കുന്നുണ്ട്. അവിടെ നവൊമി എന്ന സ്ത്രീ തന്റെ മരുമകളെ താൻ വിശ്വസിക്കുന്ന ദൈവത്തിലേക്ക് കൊണ്ടുവരുന്നതിനു പകരം, നിന്റെ ജനത്തിന്റയും നിന്റെ ദേവന്മാരുടെയും അടുക്കലേക്ക് മടങ്ങിപ്പോകുവാൻ ആണ് ആവശ്യപ്പെട്ടത്. അപ്പത്തിന്റെ ഭവനത്തിൽ നിന്നും മോവാബിലേക്ക് താമസം മാറ്റിയ നവൊമിയുടെ ദർശനത്തിനു വരെ മാറ്റം വന്നു എന്നു വേണം ഇതിൽ നിന്നും നാം മനസ്സിലാക്കുവാൻ.

പ്രിയ ദൈവജനമെ, നാമും ദൈവസന്നിധിവിട്ട് ലോകത്തോട് കൂടെ പോയാൽ നമുക്കും ഈ സ്ഥിതി വിദൂരമല്ല. നശിച്ചു പോകുന്ന ലോകജനത്തെ രക്ഷിക്കാൻ നാം ഉറക്കത്തിൽ നിന്നും എഴുന്നേറ്റെ മതിയാകൂ. സുവിശേഷത്തിന്റെ വയലേലകൾ കൊയ്ത്തിനു പാകം ആയി നിൽക്കുകയാണ്. ഈ സമയത്ത് നാം ഉറങ്ങിയാൽ സദ്വർത്തമാന ദിവസം നാം മിണ്ടാതിരുന്നാൽ അതിന്റെ ഉത്തരവാദിത്തം നമുക്കായിരിക്കും എന്നതിന് യാതൊരു സംശയവും ഇല്ല. നശിച്ചു പോകുന്നവരെ പറ്റി ഒരു വിചാരവും ഇല്ലാതെ ഉറങ്ങുന്നവരാണ് നാം എങ്കിൽ ഇന്ന് എഴുന്നേൽക്കേണ്ടിയിരിക്കുന്നു. ദൈവത്തിന്റെ പ്രവാചകൻ ഒരിക്കലും കപ്പലിന്റെ അടിത്തട്ടിൽ കിടന്ന് ഉറങ്ങേണ്ടുന്നവൻ അല്ല. യോനയുടെ ഉറക്കത്തിന്റെ പരിണത ഫലം വളരെ വലുതായിരുന്നു. കപ്പൽക്കാരുടെ ചരക്കുകൾ വലിച്ചെറിയാൻ കാരണമായി തീർന്നത് ആ ഉറക്കം ആയിരുന്നു. നിനെവെയിൽ പോയി പ്രസംഗം നടത്തി മടങ്ങി വരേണ്ടിയിരുന്ന യോനയെ കടലിൽ ചാടുമാറാക്കിയതും, മത്സ്യത്തിന്റെ വയറ്റിൽ കിടത്തിയതും ആ ഉറക്കം ആയിരുന്നു. കടലും കരയും ഉണ്ടാക്കിയ ദൈവമായ യഹോവയെ ഭജിച്ചു വരുന്ന ഒരു വ്യക്തി നശിച്ചു പോകുന്നവരെപ്പറ്റി യാതൊരു വിചാരവും ഇല്ലാതെ ഉറങ്ങിയാൽ അതിന് വിലകൊടുക്കേണ്ടിവരും എന്ന് യോന നമ്മെ പഠിപ്പിക്കുന്നു.

### 3. ദലീലയുടെ മടിയിൽ ഉറങ്ങിയ ശിംശോൻ

ദൈവത്തിനു വേണ്ടി വൻകാര്യങ്ങളെ പ്രവർത്തിച്ച വ്യക്തി ആയിരുന്നു ശിംശോൻ. യിസ്രായേലിനെ ഫെലിസ്ത്യരുടെ കൈയിൽ നിന്നും രക്ഷിക്കാൻ ദൈവം എഴുന്നേൽപ്പിച്ച ശിംശോൻ, ഗർഭം മുതൽ ദൈവത്തിനു നാസീർ ആയിരുന്നു. ഒരു കഴുതയുടെ താടിയെല്ലു കൊണ്ട് ആയിരം പേരെ കൊന്ന ശിംശോൻ, പട്ടണവാതിലിന്റെ കതകും ഓടാമ്പലും പറിച്ചെടുത്ത് ചുമലിൽ വച്ച ശിംശോൻ, 30 പേരെ കൊന്ന് അവരുടെ വസ്ത്രം ഊരി കടം വീട്ടിയ ശിംശോൻ, 300 കുറുക്കന്മാരെ വാലോടു വാൽ ചേർത്ത് പന്തം കൊളുത്തി ഫെലിസ്ത്യരുടെ വിളവു നശിപ്പിച്ച ശിംശോൻ... അങ്ങനെ പറഞ്ഞു പോയാൽ ശിംശോന്റെ വീരകഥകൾ ഇനിയും നീളും.

എന്നാൽ ഈ ശിംശോനെ ദലീലയ്ക്ക് വശീകരിക്കാനും അവളുടെ മടിയിൽ ഉറക്കാനും അവനെ തകർക്കാനും കഴിഞ്ഞു എന്നതാണ് യാഥാർത്ഥ്യം.

ശക്തിയുടെ രഹസ്യം ലോകത്തിന് പറഞ്ഞു കൊടുത്ത്, ലോകത്തിന്റെ മടിയിൽ ലോകം ഉറക്കുമ്പോൾ ഉറങ്ങുന്ന ഒരു വിശ്വാസി ഉണരുമ്പോൾ ശിംശോനെപ്പോലെ ചാടി എണീക്കും എന്നാൽ, ശിംശോനെപ്പോലെ തന്നെ ലോകത്തിന് അടിമപ്പെടേണ്ടിവരും എന്നതാണ് ദുഃഖകരമായ യാഥാർത്ഥ്യം.

ഒരു ദൈവഭക്തനെ, ലോകത്തിന്റെ മടിയിൽ കിടത്തി ഉറക്കാൻ പിശാച് തനിക്ക് ചെയ്യാവുന്നത് എല്ലാം ചെയ്യും. അവന്റെ തന്ത്രങ്ങളെ മനസ്സിലാക്കി യോസേഫിനെപ്പോലെ പരീക്ഷകളിൽ വിജയിച്ചാൽ മാത്രമേ അടി പതറാതെ മുന്നേറുവാൻ നമുക്ക് കഴികയുള്ളൂ.

പ്രിയ ദൈവജനമെ, ലോകമോഹങ്ങളിൽ അടിമപ്പെട്ട് ലോകത്തിന്റെ മടിയിൽ ഉറങ്ങുന്നവരാണ് നാം എങ്കിൽ നാം എഴുന്നേൽക്കുവാൻ ദൈവം ആവശ്യപ്പെടുന്നു. നമ്മെ ലോകത്തിൽ നിന്ന് വിളിച്ചത് ലോകത്തിന്റെ മടിയിൽ കിടന്ന് ഉറങ്ങുവാനല്ല, മറിച്ച് ലോകത്തിന്റെ മടിയിൽ കിടന്ന് ഉറങ്ങുന്നവരെ എഴുന്നേൽപ്പിക്കാനാണ്.

**ദൈവസന്നിധി വിട്ട് ലോകത്തോട് കൂടെ പോയ യോനയ്ക്ക് നശിച്ചു പോകുന്നവരെ പറ്റിയുള്ള ചിന്ത നഷ്ടമായി എന്നു വേണം പറയാൻ.**

ഉറങ്ങിയ മൂന്നു വ്യക്തികളെ കുറിച്ചാണ് നാം ചിന്തിച്ചത്. ഉറക്കത്തിന്റെ പരിണത ഫലവും നാം മനസ്സിലാക്കി. ഇനി നാം നമ്മിലേക്ക് തന്നെ നോക്കേണ്ടിയിരിക്കുന്നു. ദേശത്തിന്റെ കാവൽക്കാരായ നാം ഇന്ന് ഉറങ്ങുന്നവരാണോ...? നാം ഉറങ്ങുന്നവർ ആണ് എങ്കിൽ നാം ഉണർത്തപ്പെടുവാൻ ദൈവം ആഗ്രഹിക്കുന്നു. ഗത്ശെമന തോട്ടത്തിൽ വച്ച് പത്രോസിനോട് യേശു ചോദിച്ച ചോദ്യം ഇന്ന് നമ്മോടും ചോദിക്കുന്നു. നീ ഉറങ്ങുന്നുവോ....? (മർക്കൊ. 14:37).

## പ്രാർത്ഥനയ്ക്ക്

**കോട്ടേകുളം (പാലക്കാട്):** 2014 ഏപ്രിൽ 12,13,14 (ശനി, ഞായർ, തിങ്കൾ) തീയതികളിൽ കോട്ടേകുളം ജംഗ്ഷനിൽ വച്ച് സുവിശേഷമഹായോഗവും സംഗീത വിരുന്നും നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. ജോൺ പി. തോമസ് എറണാകുളം പ്രസംഗിക്കുന്നു. സംഗീത ശുശ്രൂഷ: ജോർജ്ജ് മഠത്തിൽ, ജോസ്‌ലി ഏബ്രഹാം എന്നിവർ. ആത്മാക്കൾ രക്ഷിക്കപ്പെട്ട് വേർപെടുവാൻ ദൈവമക്കൾ പ്രാർത്ഥിക്കണം സാമുവേൽ പി. ഏബ്രഹാം (9495448947), എം.യു. വിൽസൺ

# ബൈബിൾ ക്വിസ് -49

## 2 ശമുവേൽ

1. ആര് ആരോടു പറഞ്ഞു? "യഹോവയാണ, നിന്റെ മകന്റെ ഒരു രോമം പോലും നിലത്തു വീഴുകയില്ല"
2. "നീ യിസ്രായേലിൽ ഒരു പട്ടണത്തെയും ഒരു മാതാവിനെയും നശിപ്പിക്കുവാൻ നോക്കുന്നു; നീ യഹോവയുടെ അവകാശം മുടിച്ചു കളയുന്നത് എന്ത്" ആര് ആരോടു പറഞ്ഞു?
3. ചെറുപയർ ഉള്ളൊരു വയലിന്റെ നടുവിൽ നിന്നു അതിനെ കാത്തു ഫെലിസ്ത്യരെ വെട്ടി യഹോവയ്ക്കു വലിയൊരു ജയം നൽകിയവൻ ആര്?
4. യോർദ്ദാൻ കടന്നശേഷം ദാവീദ് ചുംബനം ചെയ്തു അനുഗ്രഹിച്ച വ്യക്തി ആര്?
5. യിസ്രായേലിലെ ഒരു രാജകുമാരന്റെ മൃതശരീരം ഒരു വലിയ കുഴിയിൽ ഇട്ടു അതിന്റെമേൽ ഏറ്റവും വലിയൊരു കൽക്കൂമ്പാരം കൂട്ടി. ആരുടെ മേൽ?
6. യഹോവയുടെ പ്രീതി നിമിത്തം ശലോമോനു വിളിച്ച പേരെന്ത്?
7. ദാവീദിനു ദാസന്മാരായി കപ്പം കൊടുത്തവർ ആരെല്ലാം?
8. രണ്ടു കാലും മുടന്തനായ യോനാഥാന്റെ മകന്റെ പേരെന്ത്?
9. മൂന്നു പേരെക്കുറിച്ച് ദാവീദ് വിലാപഗീതം ചൊല്ലിയിട്ടുണ്ട്. അവർ ആരെല്ലാം?
10. കാട്ടുകലയെപ്പോലെ ശീഘ്രഗാമി ആര്?

ബൈബിൾ റഫറൻസ് സഹിതം ഉത്തരങ്ങൾ P.P.George, Post Box No. 91, Angamali 683 572 എന്ന വിലാസത്തിൽ അയയ്ക്കുക.ചോദ്യങ്ങൾ പ്രസിദ്ധീകരിച്ച തീയതികഴിഞ്ഞ് 20 ദിവസത്തിനകം ഉത്തരങ്ങൾ ലഭിച്ചിരിക്കണം. ഉത്തരങ്ങൾ അയയ്ക്കുന്നവർ ക്വിസ് നമ്പരും തങ്ങളുടെ പൂർണ്ണ മേൽവിലാസവും ഫോൺ നമ്പരും കത്തിൽ രേഖപ്പെടുത്തണം.

**ഉത്തരങ്ങൾ 46 :** 1. സിക്ലാഗ് (27:6) 2. ശൗൽ (23:22) 3. ഏസെർ കല്ലിന്റെ അരികെ (20:19) 4. ഗത്ത് (17:23) 5. ശൗൽ യാഗം കഴിക്കാനെന്നു നുണ പറഞ്ഞു കാളകളെയും ആടുകളെയും സൂക്ഷിച്ചതിനാൽ (15:22) 6. ഫല്തിക്ക് (25:44) 7. അഞ്ച് (17:40) 8. ശൗലിന്റെ (14:52) 9. യുദ്ധഭൂമിയിൽ പെട്ടകം കൊണ്ടുപോയതിനാൽ (4:3,4) 10. ഏലിയുടെ മക്കൾ (2:25)

## 38-ാമത് സിസ്റ്റേഴ്സ് കോൺഫറൻസ്

**കൊല്ലം:** സോദരീഭവനിൽ ഏപ്രിൽ 3 മുതൽ 5 വരെ സിസ്റ്റേഴ്സ് കോൺഫറൻസ് ക്രമീകരിക്കുന്നു. യിരെ. 18:4 ആണ് ക്യാമ്പ് തീം. സഹോദരിമാരായ ചിന്നമ്മ മാത്യു (ജഗദൽപൂർ), പുഷ്പ ജോയി (മുംബൈ) എന്നിവർ ക്ലാസ്സുകൾ എടുക്കും. സഹോദരിമാർ പങ്കെടുക്കുക.

ജോയ്സ് മാത്യു, സെക്രട്ടറി


### To Reach New Heights...

പത്താം ക്ലാസ്സ് പരീക്ഷ കഴിഞ്ഞു...
ഇനി കൂടുതൽ ഉയരങ്ങളിലേക്ക് മുന്നേറണം
സമ്പൂർണ്ണ ജീവിത വിജയത്തിന്റെ യഥാർത്ഥ പാഠങ്ങൾ
കൃത്യമായി പറഞ്ഞു തരുന്നു...

## S.S.L. CAMP

ജീവിതത്തിൽ ഒരിക്കൽ മാത്രം പങ്കെടുക്കാവുന്ന ക്യാമ്പ്...
**അസ്സീസി ശാന്തി കേന്ദ്ര, അങ്കമാലി**
**2014 ഏപ്രിൽ 1 മുതൽ 5 വരെ**
**ചൊവ്വ 4 pm - ശനി 6 am**
Jesus gave His life to free us from every kind of sin...
എസ്സ്.എസ്സ്.എൽ.സി., ഐ.സി.എസ്.സി., സി.ബി.എസ്സ്.സി.
വിദ്യാർത്ഥികൾക്കായി പ്രാദേശിക ബ്രദറൺ സഭകളുടെ
സഹകരണത്തിൽ 1989 മുതൽ നടത്തിവരുന്ന
മാർഗ്ഗ നിർദ്ദേശ ക്യാമ്പ് : ജോൺ കുര്യൻ, ജയിംസ് വർഗീസ്,
വർഗീസ് ജോൺ, ജോർജ്ജ് കോശി, ബാബു ജോൺ,
ടെൻസൻ ജോസഫ്, ബെൻസിക് മിറാന്റ,
ചാൾസ് വി. ജോൺ, ഡോ. ജയ്സൺ ജെ.,
ജോമോൻ തോമസ്, ബിജു കണ്ണൻ തുടങ്ങിയവർ
ക്ലാസ്സുകൾ എടുക്കുന്നു.
കൂടുതൽ വിവരങ്ങൾക്ക്: ബെന്നി പി.ജെ. (അങ്കമാലി) 8547175511,
ബോബി തോമസ് (കോടനാട്) 9847903922


## സ്തോത്രത്തിനും പ്രാർത്ഥനയ്ക്കും

**മലപ്പുറം:** വൈ.എം.ഇ.എഫ്. മലപ്പുറം യൂണിറ്റിന്റെ പ്രവർത്തനങ്ങൾ വളരെ അനുഗ്രഹമായി നടന്നുവരുന്നു. ജനുവരി മാസം അകമ്പാടം അസംബ്ലിയുടെ സഹകരണത്തിൽ അകമ്പാടത്തും പരിസര പ്രദേശങ്ങളിലും ഫെബ്രുവരി മാസം എരുമമുണ്ടയിലും ഭവന സന്ദർശനങ്ങളും പരസ്യയോഗങ്ങളും നടത്തുവാൻ ദൈവം സഹായിച്ചു. മലപ്പുറം ജില്ലയിലെ സഹോദരന്മാർ സുവിശേഷകന്മാർ എന്നിവർ ഈ പ്രവർത്തനങ്ങളിൽ വന്നു സഹകരിച്ചു. മാർച്ച് മാസത്തിൽ വെറ്റിലപ്പാറയിൽ വച്ച് ഏകദിന പ്രവർത്തനം നടത്തുവാൻ ആഗ്രഹിച്ചു പ്രാർത്ഥിക്കുന്നു. ഈ പ്രദേശത്തു കഴിഞ്ഞ ചില മാസങ്ങളായി സഹോദരന്മാരായ പി.ജി. ബാബുക്കുട്ടിയും അഭിലാഷ് പി.കെ.യും സഭാരൂപീകരണം ലക്ഷ്യമാക്കി പ്രവർത്തിച്ചു വരുന്നു. മലപ്പുറം ജില്ലയുടെയും കോഴിക്കോട് ജില്ലയുടെയും അതിർത്തി പ്രദേശമായ ഈ സ്ഥലം വലിയ കുടിയേറ്റ മേഖലയാണ്. ഇവിടെ ഒരു കൂടിവരവ് ഉണ്ടാകേണ്ടതിന് വേണ്ടി ദൈവജനം പ്രാർത്ഥിക്കേണമെ. *അഭിലാഷ് പി.കെ. സെക്രട്ടറി*

**വെളിയംകോട് (തിരുവനന്തപുരം):** ദൈവകൃപയാൽ ഇവിടുത്തെ പ്രവർത്തനങ്ങൾ ഭംഗിയായി തുടരുന്നു. 23-2-14-ൽ സഹോദരിമാരായ ഡെയ്സി, കമലമ്മ, മണി, ലത എന്നീ നാല് പേർ സ്നാനപ്പെടുവാൻ കർത്താവ് കൃപ ചെയ്തു. തിരുമല ബ്രദറൺ സഭാഹാളിൽ നടന്ന സ്നാന ശുശ്രൂഷ കർത്തൃദാസൻ ഭാനു മാത്യു (തിരുമല) നിർവ്വഹിച്ചു. വെളിയംകോട് ബ്രദറൺ സഭയേയും പുതുതായി സ്നാനപ്പെട്ട സഹോദരിമാരെയും പ്രാർത്ഥനയിൽ ഓർക്കുക. *സി. സത്യദാസ്*

# Believers Conference

**Allahabad:** The pioneering work of evangelism by assembly workers was started in U.P. in the early 1960's. The Lord's work was carried out by these pioneer workers in the various parts of the state and assembly testimonies were started in some towns. Still more than 50 districts are unrepresented and the gospel is unreached in most of the area. Presently U.P. has 22 assembly gatherings and 22 commended evangelists and 5 non- commended workers who are serving the Lord actively under the guidance of the local assembly. The state of Uttar Khand has 2 assemblies and 2 commended workers.

In most of the assemblies, the Lord has added believers from the local population who are first generation converts. In order to equip and raise up the next generation believers from our assemblies, provide a vision for the work in the state provide mutual fellowship and a time of bible teaching, it is decided to conduct a Believers conference, U.P & U.K. at Midway camp centre, Nawabganj (Between Khanpur & Lucknow) from October 2 to 4, 2014 under the auspices of Christian Brethren Assembly, Allahabad, U.P.

The main speakers for this conference are Bro. Samuel Abraham Sharjha, Bro. David Joseph Goa, Bro. George Mathew Mumbai and Bro. Sunil Albert Aurangabad.

We humbly request your thoughtful consideration for prayerful support, active participation and cooperation for the success of the conference.

Correspondence Address: Alex Boaz, T-7- Pushpak Aparments, Elgin Road, Civil Lines, Allahabad-Uttar Pradesh- 211001 Ph. 9794666234

Alex Boaz, Godwin Newton, Paulson Samuel, Prakash Masih, Thomas Mathew

## പ്രതിമാസ പ്രാർത്ഥനായോഗം

**പത്തനംതിട്ട:** പത്തനംതിട്ടയിലും ചുറ്റുപാടിലുമുള്ള സ്ഥലം സഭകളുടെ ഏകോപിച്ചുള്ള ഈ മാസത്തെ പ്രാർത്ഥനായോഗം തുമ്പമൺ ബ്രദറൺ സഭാഹാളിൽ 29 ശനിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ.

എ.എം. തോമസ്, മൈലപ്രാ

## പ്രതിമാസ പ്രാർത്ഥന

**കല്ലിശ്ശേരി:** ചെങ്ങന്നൂർ താലൂക്ക് സുവിശേഷവൽക്കരണത്തിന്റെ ഭാഗമായി കല്ലിശ്ശേരി ഗോസ്പൽ ഹാളിൽ വച്ച് മാർച്ച് 21 വെള്ളിയാഴ്ച ക്രമീകരിച്ചിരിക്കുന്ന പ്രാർത്ഥനായോഗത്തിൽ ബ്രദർ സണ്ണി റ്റി. ഫലിപ്പ്, പത്തനംതിട്ട വചനം ശുശ്രൂഷിക്കും. ഗലാത്യർ 5-ാം അധ്യായം വചനധ്യാനത്തിനായി തിരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ ഗാന പരിചയവും ഗ്രൂപ്പ് പ്രാർത്ഥനയുമുണ്ടാകും. രാവിലെ 9.45-ന് ആരംഭിക്കുന്ന പ്രാർത്ഥനായോഗം ഉച്ചയ്ക്ക് 1.15-ന് അവസാനിക്കും. സഹോദരീസഹോദരന്മാർ പങ്കെടുക്കുക.

ജയിംസ് വർഗീസ് (9847047669)

# മഹത്വത്തിൽ



**കൊട്ടാരക്കര:** പുലമൺ ചരുവിള പുത്തൻ വീട്ടിൽ പരേതനായ പി. ഇടിക്കുളയുടെ പത്നി **ഗ്രേസി ഇടിക്കുള (85)** ഫെബ്രു. 28-ന് താൻ പ്രിയം വച്ചിരുന്ന കർത്തൃസവിധത്തിലേക്ക് മാറ്റപ്പെട്ടു. തൃക്കണ്ണമംഗൽ നോർത്ത് ബ്രദറൺ സഭാസെമിത്തേരിയിൽ സംസ്കരിച്ചു. കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**റാന്നി:** ചേത്തയ്ക്കൽ ഊഹമണ്ണിൽ **എൽ.വി. മാത്യു (ബേബിക്കുട്ടി-62)** ഫെബ്രു. 28-ന് താൻ പ്രിയം വച്ചിരുന്ന കർത്തൃസന്നിധിയിലേക്ക് മാറ്റപ്പെട്ടു. മാർച്ച് 6-ന് ഭൗതിക ശരീരം ചേത്തയ്ക്കൽ ബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു. കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.




**എണ്ണയ്ക്കാട്:** കാട്ടിൽ വടക്കേതിൽ പരേതനായ കെ.ജി. ശാമുവേലിന്റെ ഭാര്യ **ഗ്രേസി ശാമുവേൽ (86)** ഫെബ്രു. 28-ന് താൻ പ്രത്യാശ വച്ചിരുന്ന കർത്തൃസവിധത്തിലേക്ക് മാറ്റപ്പെട്ടു. ഭൗതികശരീരം മാർച്ച് 1-ന് എണ്ണയ്ക്കാട് ബ്രദറൺ സഭാസെമിത്തേരിയിൽ സംസ്കരിച്ചു. വേർപാടിന്റെ ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളെയും ബന്ധുമിത്രാദികളെയും പ്രാർത്ഥനയിൽ ഓർക്കുക.




**പള്ളിപ്പാട്:** പള്ളിപ്പാട് ബ്രദറൺ സഭാംഗമായ **ചക്കോലിൽ ഫിലിപ്പ് വർഗീസ് (അനിയൻ- 58)** ഫെബ്രു. 27-ന് തന്റെ പ്രത്യാശയായിരുന്ന കർത്തൃസവിധത്തിലേക്കു ചേർക്കപ്പെട്ടു. ഭൗതികശരീരം മാർച്ച് 3-ന് ഉയിർപ്പിൻ പൊൻപുലരിയിൽ വീണ്ടും കാണാമെന്ന പ്രത്യാശയോടെ അനേക ദൈവമക്കളുടെ സാന്നിധ്യത്തിൽ പള്ളിപ്പാട് ബ്രദറൺ സഭാ സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖത്തിലായിരിക്കുന്ന ബന്ധുമിത്രാദികളെയും കുടുംബാംഗങ്ങളെയും പ്രാർത്ഥനയിൽ ഓർക്കുക.



**തൃശ്ശൂർ:** കിഴക്കെകോട്ട ക്രിസ്റ്റ്യൻ ബ്രദറൺ ചർച്ച് അംഗവും പരേതനായ ചെറുശ്ശേരി ഡേവിഡിന്റെ ഭാര്യ **താങ്കക്കുട്ടി ഡേവിഡ് (85)** ഫെബ്രു. 12-ന് താൻ പ്രിയം വച്ച കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ഫെബ്രു. 14-ന് ഭൗതിക ശരീരം പറവട്ടാനിയിലുള്ള സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖത്തിലിരിക്കുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**കായംകുളം:** കായംകുളം ബ്രദറൺ സഭാമൂപ്പന്മാരിൽ ഒരാളായിരുന്ന **ജി. ഡാനിയേൽ (തുണ്ടിൽ വലിയ കുഞ്ഞ്- 104)** ഫെബ്രു. 27-ന് കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. ഭൗതികശരീരം ഫെബ്രു. 28-ന് സഭാസെമിത്തേരിയിൽ സംസ്കരിച്ചു.



**തിരുവനന്തപുരം:** പട്ടം ബ്രദറൺ സഭാംഗമായ ബ്രദർ **സി.ഒ. ജോൺ (83)** മാർച്ച് 8-ന് താൻ പ്രത്യാശ വച്ചിരുന്ന കർത്തൃസന്നിധിയിലേക്കു ചേർക്കപ്പെട്ടു. സംസ്ക്കാരം മാർച്ച് 12 ന് പരുത്തിപ്പാറ ബ്രദറൺ സെമിത്തേരിയിൽ നടന്നു. കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**തിരുവനന്തപുരം:** തെക്കേൽ **ബ്രദർ റ്റി.ഇ. തോമസ് (87)** താൻ പ്രിയം വച്ചിരുന്ന കർത്തൃസന്നിധിയിലേക്ക് മാറ്റപ്പെട്ടു. വേർപാടിന്റെ ദുഃഖത്തിൽ കഴിയുന്ന കുടുംബാംഗങ്ങളെയും ബന്ധുമിത്രാദികളെയും പ്രാർത്ഥനയിൽ ഓർക്കുക.



**കോഴിക്കോട്:** സുവിശേഷകൻ **ഐ. സാമുവേൽ -77 (അടിവാരം)** തന്റെ പ്രത്യാശയായിരുന്ന കർത്തൃസവിധത്തിലേക്കു ചേർക്കപ്പെട്ടു. ഭൗതികശരീരം മാർച്ച് 1-ന് അടിവാരം ബ്രദറൺ സഭാ സെമിത്തേരിയിൽ സംസ്കരിച്ചു. കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**ഇലന്തൂർ:** പരിയാരം പുല്ലേലിക്കൽ കല്ലുങ്കൽ **കെ.എ. ഏബ്രഹാം (പൊടിയച്ചൻ -83)** മാർച്ച് 11 ന് താൻ പ്രത്യാശ വച്ചിരുന്ന കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. ദുഃഖിതരായ കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.

**ഒഡീഷ-ലംതാപൂട്ട്:** കഴിഞ്ഞ 9 വർഷങ്ങളായി കർത്തൃവേലയിലായിരുന്ന സുവിശേഷകൻ **സുക്രോ ഖില്ലോ (38)** ഫെബ്രുവരി 6-ാം തീയതി കർത്താവിൽ നിദ്രപ്രാപിച്ചു. ഭൗതികശരീരം അനേക ദൈവമക്കളുടെ സാന്നിധ്യത്തിൽ സംസ്കരിച്ചു. ദുഃഖിതരായ കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.

**കോയിപ്രം: വി.കെ. ഏബ്രഹാം (95)** മാർച്ച് 4-ന് താൻ പ്രത്യാശ വച്ചിരുന്ന കർത്തൃസന്നിധിയിലേക്ക് പ്രവേശിച്ചു. ഭൗതിക ശരീരം മാർച്ച് 6-ന് കോയിപ്രം എബനേസർ ബ്രദറൺ അസംബ്ലിയുടെ ചുമതലയിൽ സഭാസെമിത്തേരിയിൽ സംസ്കരിച്ചു. കുടുംബാംഗങ്ങളെ ഓർത്തു പ്രാർത്ഥിക്കുക.

## വരിസംഖ്യ കുടിശ്ശിക അറിയാൻ

വരിസംഖ്യ കുടിശ്ശിക നിങ്ങളുടെ വിലാസത്തോടൊപ്പം രേഖപ്പെടുത്തിയിട്ടുണ്ട്. പേരിന് മുകളിൽ കൊടുത്തിരിക്കുന്ന കോഡിലെ അവസാന രണ്ട് അക്കം ശ്രദ്ധിക്കുക. ഉദാ: അത് 09 എന്നാണെങ്കിൽ 2009 വരെ മാത്രമെ നിങ്ങൾ വരിസംഖ്യ അടച്ചിട്ടുള്ളൂ. തുടർന്നുള്ളത് അടയ്ക്കേണ്ടതാണ്. സഹകരിക്കുക; പ്രാർത്ഥിക്കുക.

### വൈ.എം.ഇ.എഫ്. നോർത്ത് ഡിവിഷൻ ഹരിയാന കാമ്പയിൻ

# ഗ്രാമങ്ങളിൽ സാധ്യത വളരെ

ഭിവാനി ജില്ലയിലെ പ്രവർത്തനങ്ങൾ അനുഗ്രഹകരമായി തുടരുവാൻ ദൈവം കൃപ ചെയ്തു. തണുപ്പിന്റെ കാഠിന്യം ഉണ്ടായിരുന്നുവെങ്കിലും ടീമംഗങ്ങൾ വളരെ ഉത്സാഹത്തോടെ കർത്താവിന്റെ വേലയിൽ വ്യാപൃതരായി അനേക ഗ്രാമവാസികളെ ദൈവിക സന്ദേശം അറിയിക്കുവാൻ കഴിഞ്ഞു എന്നുള്ളത് വളരെ സന്തോഷകരമായ അനുഭവമായിരുന്നു. ഈ പ്രവർത്തനങ്ങളിൽ ചില അന്വേഷകരുണ്ടായി എന്നത് നമ്മുടെ പ്രവർത്തനങ്ങളും പ്രാർത്ഥനയും ദൈവസന്നിധിയിൽ എത്തി എന്നുള്ളതിന്റെ തെളിവാണ്. ഇവിടെ മൂന്നു ഗ്രാമങ്ങളിൽ (നിമ്മിടിവാല, പെടോത്തി, മിരാൻ) വളരെ ആളുകൾ താല്പര്യമുള്ളവരായി കാണുവാൻ കഴിഞ്ഞു. തുടർന്നുള്ള നാളുകളിൽ ഈ ഗ്രാമങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ചാൽ കൂടിവരവുകൾക്കുള്ള സാധ്യത വളരെയാണ്. ആ ഉത്തരവാദിത്തം ഈ സഭയെ മാത്രമായി ഏല്പിച്ചാൽ ഇവർക്ക് വളരെ പരിമിതികളുണ്ട്. അതിന് പ്രധാന കാരണം ഈ ഗ്രാമങ്ങൾ ഭിവാനിയിൽ നിന്ന് വളരെ അകലെയാണ് എന്നുള്ളതാണ്. മറ്റൊരു കാരണം ഇവിടെ പ്രവർത്തിക്കുന്ന ദൈവദാസൻ ശാരീരികമായി പ്രയാസമനുഭവിക്കുന്ന സാഹചര്യമാണുള്ളത്. ആകയാൽ ഇവിടുത്തെ സഭയേയും ദൈവദാസനേയും കുടുംബത്തേയും നമുക്ക് പ്രാർത്ഥനയുടെ കരങ്ങളിൽ വഹിക്കാം.

മുൻലക്കത്തിൽ അറിയിച്ച പ്രകാരം പെടോത്തി എന്ന ഗ്രാമത്തിൽ മുന്നോട്ടു വന്ന പവൻ എന്ന യുവാവിന്റെ ആഗ്രഹപ്രകാരം അവിടെ വളരെ വിപുലമായ ഒരു മീറ്റിംഗ് 19-ാം തീയതി നടത്തുവാൻ ഇടയായിത്തീർന്നു. ഈ മീറ്റിംഗിൽ ഗ്രാമവാസികൾ ഗ്രാമമുഖ്യനടക്കം എല്ലാവരും പങ്കെടുത്തു. വളരെ പ്രവർത്തന സാധ്യതയുള്ള ഗ്രാമമാണ് പെടോത്തി. ഭിവാനി ജില്ലയിൽ ഫെബ്രുവരി മാസം രണ്ടാമത്തെ ആഴ്ചയിലെ പ്രവർത്തനങ്ങൾക്കായി ആർ. രാജൻ, സാബു എബ്രഹാം, ദിലു എന്നീ സഹോദരന്മാർ ഡൽഹിയിൽ നിന്നും വന്നിരുന്നു. കൂടാതെ പി.എസ്. സണ്ണി റോത്തക്ക്, സാമുവേൽ കുട്ടി ഹിസ്സാർ എന്നീ സഹോദരന്മാരും വിവിധ ദിവസങ്ങളിൽ ടീമിനോടു ചേർന്നു പ്രവർത്തിച്ചു. അങ്ങനെ ഫെബ്രുവരി മാസത്തെ പ്രവർത്തനം അവസാനിപ്പിച്ച് ടീം നാട്ടിലേക്ക് മടങ്ങി തുടർന്ന് മാർച്ച് മാസത്തെ പ്രവർത്തനം പാനിപ്പട്ട് ജില്ലയിൽ നടക്കേണ്ടതായിട്ടുണ്ട്. നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം. ഇത്രത്തോളം ചെയ്ത ദൈവത്തിന് എല്ലാവിധ സ്തോത്രവും അർപ്പിക്കുന്നു. ഞങ്ങളെ പ്രാർത്ഥനയുടെ കരങ്ങളിൽ വഹിച്ച എല്ലാ പ്രിയപ്പെട്ടവർക്കും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.

വർഗീസ് മാത്യു, ഉഴവൂർ

## മാർച്ചിലെ പ്രവർത്തനം ഉമയാറ്റുകരയിൽ

**കല്ലിശ്ശേരി:** ചെങ്ങന്നൂർ താലൂക്ക് സുവിശേഷീകരണത്തിന്റെ മാർച്ചു മാസത്തെ പ്രവർത്തനം 8, 22 തീയതികളിൽ ഉമയാറ്റുകര ക്രിസ്റ്റ്യൻ ബ്രദറൺ ചർച്ചിന്റെ സഹകരണത്തിൽ നടക്കുന്നു. ദൈവജനം ഈ മാസത്തെ പ്രവർത്തനത്തെ ഓർത്തു പ്രാർത്ഥിക്കുക. സുവിശേഷ തല്പരരായ സഹോദരന്മാർ പങ്കെടുക്കുക.

സാമുവേൽ റ്റി. ഫിലിപ്പ്

## ഏകദിന പ്രവർത്തനം

**പള്ളിക്കൽ:** കല്ലിശ്ശേരി സെന്റർ വൈ.എം.ഇ.എഫ്. ന്റെ ചുമതലയിലും പള്ളിക്കൽ ബ്രദറൺ സഭയുടെ സഹകരണത്തിലും ഒരു ഏകദിന പ്രവർത്തനം മാർച്ച് 25 ചൊവ്വാഴ്ച പള്ളിക്കലിൽ ക്രമീകരിച്ചിരിക്കുന്നു. ഭവനസന്ദർശനവും വചനധ്യാനവും ഗ്രൂപ്പ് പ്രാർത്ഥനയും പരസ്യയോഗങ്ങളുമാണ് പ്രധാന പരിപാടികൾ. ഈ ഏകദിന പ്രവർത്തനത്തിന്റെ അനുഗ്രഹത്തിനായും കല്ലിശ്ശേരി സെന്റർ വൈ.എം.ഇ.എഫ്. നായും ദൈവജനം പ്രാർത്ഥിക്കുക.

വർഗീസ് പി. ജോർജ്ജ്

## ഗ്രാജുവേഷൻ മാർച്ച് 28-ന്

**കല്ലിശ്ശേരി:** ബ്രദറൺ തിയോളജിക്കൽ കോളേജിന്റെ ആദ്യ ബാച്ചിന്റെ ഗ്രാജുവേഷൻ മാർച്ച് 28-ാം തീയതി വെള്ളിയാഴ്ച വൈകിട്ട് 6.00 മുതൽ 8.00 മണി വരെ ബി.ബി.സി. ഓഡിറ്റോറിയത്തിൽ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ഒമ്പത് വിദ്യാർത്ഥികൾ ഗ്രാജുവേഷനായി ഒരുങ്ങുന്നു. ഡോ. പി.സി. അബ്രഹാം (പ്രിൻസിപ്പാൾ, ആർ.റ്റി.ഐ.) മുഖ്യ അതിഥിയായിരിക്കും. ദൈവജനത്തിന്റെ പ്രാർത്ഥനയും സാന്നിധ്യവും ക്ഷണിച്ചു കൊള്ളുന്നു.

ഡയറക്ടർ

## കെ.ഇ.എം. ഫണ്ട് അറിയിപ്പ്

**കുമ്പനാട്:** കഴിഞ്ഞ 70 വർഷങ്ങളായി ദൈവം ഈ ശുശ്രൂഷയെ ആദരിച്ച് അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നു. 70-ാമത് വാർഷിക റിപ്പോർട്ട് താമസിയാതെ പ്രസിദ്ധീകരിക്കാനാഗ്രഹിക്കുന്നു.

മേൽവിലാസം, മൊബൈൽ/ടെലഫോൺ നമ്പർ, ബാങ്ക് അക്കൗണ്ട് തുടങ്ങിയവയിൽ വ്യത്യാസം വന്നിട്ടുള്ള സുവിശേഷകന്മാർ ദയവായി എത്രയും വേഗം താഴെപ്പറയുന്ന വിലാസത്തിൽ വിശദവിവരങ്ങൾ അറിയിക്കണം. (ഇ. മെയിൽ വിലാസം ഉള്ളവർ ആ വിവരം കൂടി അറിയിച്ചാൽ നന്നായിരിക്കും). വിലാസം: സെക്രട്ടറി, കെ.ഇ.എം. ഫണ്ട്, പി.ഒ., ബോക്സ് 38, കുമ്പനാട്- 689 547, തിരുവല്ല, കേരള.

പി.ഇ. സാംകുട്ടി

## സോദരീഭവൻ ബൈബിൾ സ്കൂൾ

**കൊല്ലം:** യുവസഹോദരിമാരുടെ ആത്മിക അഭിവൃദ്ധിയെ ലാക്കാക്കി കഴിഞ്ഞ 43 വർഷമായി നടത്തിവരുന്ന ബൈബിൾ സ്കൂൾ കൊല്ലം സോദരീഭവനിൽ ഈ വർഷവും ക്രമീകരിച്ചിട്ടുണ്ട്. 2014 ഏപ്രിൽ 6 ഞായർ വൈകിട്ട് 5 മണിക്ക് ആരംഭിച്ച് 26 ശനി ഉച്ചയ്ക്ക് 12.30-ന് അവസാനിക്കും വിധമാണ് മൂന്നാഴ്ചത്തെ ബൈബിൾ സ്കൂൾ ക്രമീകരിച്ചിരിക്കുന്നത്. 14 മുതൽ 25 വയസ്സുവരെ പ്രായമുള്ള യുവസഹോദരിമാർക്ക് ഇവിടെ ചേർന്ന് വചനം പഠിക്കാവുന്നതാണ്. സജി മല്ലശ്ശേരി, ജോസ് മാങ്കുടി, ബിനു മാത്യു എന്നിവർ ക്ലാസ്സുകൾ എടുക്കും. *ജോയ്സ് മാത്യു, സെക്രട്ടറി (0474- 2744846)*

## എസ്.ബി.എസ്. ടീൻസ് സ്പെഷ്യൽ ക്യാമ്പ്

**പുത്തൻകാവ്:** സുവിശേഷകൻ ബാലസംഘം ടീൻസ് സ്പെഷ്യൽ ക്യാമ്പ് 2014 മാർച്ച് 31 മുതൽ ഏപ്രിൽ 5 വരെ പുത്തൻകവ് എസ്.ബി. എസ്. ക്യാമ്പ് സെന്ററിൽ വച്ച് നടക്കുന്നതാണ്. 9,10,11,12 ക്ലാസ്സുകളിൽ മാർച്ചിൽ പരീക്ഷ എഴുതിയിരിക്കുന്ന കുട്ടികൾക്ക് വേണ്ടിയാണ് ക്യാമ്പ് ക്രമീകരിച്ചിരിക്കുന്നത്. 500 കുട്ടികൾക്ക് ക്യാമ്പിൽ പ്രവേശനം നല്കും. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മുമ്പുകൂട്ടി ജനറൽ സെക്രട്ടറിയെയോ സെന്റർ സെക്രട്ടറിയെയോ വിവരം അറിയിക്കേണ്ടതാണ്. ഉപദേശവിഷയങ്ങൾ, പ്രയോഗിക വിഷയങ്ങൾ, കരിയർ ഗൈഡൻസ് തുടങ്ങിയവ ഉണ്ടായിരിക്കുന്നതാണ്. പ്രഗത്ഭരായ ദൈവദാസൻമാർ ക്ലാസ്സുകൾ എടുക്കുന്നതാണ്. ക്യാമ്പിന്റെ അനുഗ്രഹത്തിനായി ദൈവജനം പ്രാർത്ഥിപ്പാനപേക്ഷ.

ബിനു സാമുവേൽ, ജന. സെക്രട്ടറി (09447359183)

## ബാലസംഘം ക്യാമ്പ് സുവിശേഷാലയത്തിൽ

**പത്തനംതിട്ട:** എസ്.ബി.എസ്. പത്തനംതിട്ട സെന്റർ ക്യാമ്പ് 2014 ഏപ്രിൽ 9 ബുധൻ വൈകിട്ട് 6.00 മുതൽ 12 ശനി വൈകിട്ട് 4 മണി വരെ സുവിശേഷാലയത്തിൽ നടക്കുന്നു. "ഞാൻ നിന്നോടു പാപം ചെയ്യാതിരിക്കേണ്ടതിന് നിന്റെ വചനത്തെ ഹൃദയത്തിൽ സംഗ്രഹിക്കുന്നു" (സങ്കീ. 119:11) എന്നതാണു ക്യാമ്പ് തീം. സഹോദരന്മാരായ ഏബ്രഹാം ജേക്കബ് (കോട്ടയം), അനിലൻ (തിരുവനന്തപുരം), ബിജു കണ്ണൻ (ഇരിങ്ങാലക്കുട), പി.ജി. ജയിംസ് (തണ്ണിത്തോട്), ബിനു ശാമുവേൽ (പത്തനംതിട്ട) എന്നിവർ പ്രധാന ലീഡേഴ്സായി പ്രവർത്തിക്കും. ഷോജി ജോർജ്ജ്, (സെക്രട്ടറി) 9961319231

## സുവിശേഷക്യാമ്പ് കരിമ്പയിൽ

**പാലക്കാട്:** 2014 മാർച്ച് 31, ഏപ്രിൽ 1,2 (തിങ്കൾ, ചൊവ്വാ, ബുധൻ) എന്നീ ദിവസങ്ങളിൽ കരിമ്പ ബ്രദറൺ സഭയുടെ ചുമതലയിൽ പാലക്കാട് വൈ. എം.ഇ.എഫ്. യൂണിറ്റിന്റെ സുവിശേഷക്യാമ്പ് നടക്കുന്നതാണ്. ഭവനസന്ദർശനം, പരസ്യയോഗം, ബൈബിൾ ക്ലാസ്സ് എന്നിവയാണ് പ്രവർത്തനങ്ങൾ. അനുഗ്രഹത്തിനായി പ്രാർത്ഥിക്കണം. പ്രധാന ലീഡറായി സുവി. എബി കെ. ജോർജ്ജ് മല്ലശ്ശേരി ഉണ്ടായിരിക്കും.

സാമുവേൽ പി. ഏബ്രഹാം (സെക്രട്ടറി) 09495448947

**ചിന്ത**

*റ്റി. വി. എസ്.*

# നാം ഇനിയും അലസരായിരുന്നാൽ ദുഃഖിക്കേണ്ടി വരും

**നെ**ഹമ്യാവിന്റെ കാലത്ത് യെരുശലേമിന് സംഭവിച്ചത് ഈ ആധുനിക യുഗത്തിൽ നമ്മുടെ മധ്യെയും സംഭവിച്ചുകൊണ്ടിരിക്കയാണ്. ഒരു സഭയുടെ മഹത്വം എന്ന് പറയുന്നത് ആ സഭയിലുള്ള വ്യക്തികളുടെയും കുടുംബങ്ങളുടെയും ആത്മിക നിലവാരത്തിന്റെ ബന്ധവും കെട്ടുറപ്പുമാണ്. അതിന് എവിടെയെങ്കിലും അയവ് വന്നാൽ, കേടുപാടുകൾ സംഭവിച്ചാൽ കാലങ്ങൾ കഴിയുമ്പോൾ ക്രമേണ അധഃപതനത്തിലേക്കും താഴ്ചയിലേക്കും വീഴുവാൻ ഇടയാകുന്നു.

മണിമലയാറിന്റെ തീരത്ത് ഇടപ്രഭുക്കന്മാരുടെ പ്രതാപത്തെ വിളിച്ചറിയിക്കുന്ന നാലുകെട്ടും പടിപ്പുര മാളികയും മറ്റും ഉള്ള ഒരു കൊട്ടാരമുണ്ടായിരുന്നു. തോക്കുതടികൊണ്ട് പണികഴിപ്പിച്ച ബലവത്തായ ആ കൊട്ടാരത്തിന്റെ ജീർണാവശിഷ്ടങ്ങൾ ഏതാണ്ട് 1940 നോടടുത്തുവരെ അവിടെ കാണാമായിരുന്നു. ഇന്ന് അതിന്റെ അവശിഷ്ടങ്ങളുടെ പൊടിപോലും കാണാൻ കഴികയില്ല. ഈ കൊട്ടാരത്തിന്റെ പതനത്തെക്കുറിച്ച് ഓർമ്മയുള്ള വൃദ്ധന്മാർ പറയുന്നത് നമ്മുടെ ഇന്നത്തെ ആത്മീയ ജീവിതത്തിന്റെ അപാകതകൾ കാണുവാൻ നമ്മുടെ ആത്മീയ കണ്ണുകൾ തുറന്നാൽ കൊള്ളായിരുന്നു.

അന്നത്തെ കുടുംബത്തിന്റെ വ്യവസ്ഥിതിയനുസരിച്ച് കൊട്ടാരത്തിന്റെ അവകാശികൾ പലരായി തീർന്നു. ആണ്ടുതോറും അറ്റ കുറ്റപ്പണികൾ ചെയ്യാനോ, തൂത്തുവാരി വൃത്തിയാക്കാനോ ആളില്ലാതായി. ചോർന്ന് ഒലിക്കുന്ന ഭാഗത്തെ തടി ജീർണ്ണിച്ച് ഉത്തരങ്ങൾ നിലം പതിച്ചുതുടങ്ങി. ചിതൽ പിടിച്ച് മേൽക്കൂരയുടെ ബന്ധങ്ങൾ വിട്ടതിനാൽ ഓടുകൾ നിലംപതിച്ചു. ചുരുക്കിപ്പറഞ്ഞാൽ പട്ടിണി കിടന്ന് ചാകാറായ അഥവാ ഫറവോൻ രാജാവ് സ്വപ്നം കണ്ട മെലിഞ്ഞും വിരൂപവുമായുള്ള പശുക്കളുടെ അസ്ഥിപഞ്ജരം പോലെ ആയിത്തീർന്നു. ആ മനോഹരമന്ദിരം ക്രമേണ മേൽക്കൂര പൊളിഞ്ഞു തമ്മിലുള്ള ബന്ധം വിട്ട് നിലം പതിച്ചു. സന്ധിബന്ധങ്ങൾ എല്ലാം തകർന്നു.

> **തെറ്റുകളെക്കുറിച്ച് അനുതപിക്കുന്നതാണ് നല്ല മനസ്സിന്റെ പ്രത്യക്ഷമായ ലക്ഷണം**

ഇത് നമ്മെ ഇപ്പോഴെങ്കിലും ചിന്തിക്കേണ്ട ഒരു വിഷയത്തിലേക്ക് വിരൽ ചൂണ്ടുകയാണ്.

ഇന്ന് നമ്മുടെ മധ്യേ കാണുന്ന വ്യക്തിപരമായും കുടുംബമായും സഭയുടെ ആത്മിക കാര്യങ്ങളിലുള്ള ബന്ധം എത്രത്തോളം ഉണ്ട്. കർത്താവിന്റെ നാൾ അടുക്കുന്തോറും അത് വർദ്ധിക്കയാണോ അതോ കുറഞ്ഞുകൊണ്ടിരിക്കയാണോ. ഇതിന്റെ തകർച്ച എവിടെയാണെന്ന് മനസ്സിലാക്കി ഓരോരുത്തനും അതിന്റെ കേടുപാടുകൾ പോക്കാൻ ശ്രമിക്കാറുണ്ടോ? ശിഥിലമാകുന്നത് കണ്ട് നാം ദുഃഖിക്കയാണോ, ചിരിക്കയാണോ. അതാത് സമയത്ത് അറ്റ കുറ്റപ്പണി തീർക്കാതെയും തൂത്ത് വാരിവൃത്തിയാക്കാതെയും ഇരുന്നാൽ മേൽപ്പറഞ്ഞ കൊട്ടാരത്തിന്റെ ദുഃസ്ഥിതി നമ്മുടെ വ്യക്തിപരമായ ജീവിതത്തിലും കുടുംബജീവിതത്തിലും, തുടർന്ന് സഭാ ജീവിതത്തിലും അത് വ്യാപരിക്കുന്നതായി കാണാം. വീണു കിടക്കുന്നത് പണിയുവാൻ ശൂശൻ രാജധാനിയിൽ നിന്ന് ഒരു നെഹമ്യാവ് ഇനി വരികയില്ല. ഇടിഞ്ഞു കിടക്കുന്നതും വീണു കിടക്കുന്നതുമായ ഇന്നത്തെ നമ്മുടെ അവസ്ഥ കണ്ട് കരയുന്ന ദുഃഖിക്കുന്ന, പ്രാർത്ഥിക്കുന്ന നെഹമ്യാവുമാരെയാണ് നമുക്ക് ഇന്ന് ആവശ്യം. അതിനായി നമുക്ക് നമ്മെ തന്നെ ഒരുക്കാം. അന്ന് അവരവരുടെ വീടിന് മുന്നിലുള്ള ഭാഗം കേട് തീർത്തതുപോലെ നമുക്ക് നമ്മുടെ ജീവിതത്തിൽ വന്ന കേടുപാടുകൾ പോക്കാൻ ഈ സന്ദർഭം ഉപയോഗിക്കാം. അപ്പോൾ വ്യക്തികളും, കുടുംബങ്ങളും, സഭകളും ആത്മികമായി അഭിവൃദ്ധിയിലേക്ക് വളരും. നാം ജയിക്കും ശത്രുക്കൾ തോറ്റുപോകും. ദൈവ നാമം മഹത്വപ്പെടുകയും ചെയ്യും. ●

**SUVISESHA DHWANI**
Fortnightly
Vol. 37 Issue 14
Annual Subscription
India Rs. 150
USA/Canada US$ 75
Envelope Postage
Rs. 2000

**Please send news and articles to:**

Chief Editor
**Samuel Thomas**
Choonattu House
Cheppad P.O.,
Alappuzha Dist.,
Kerala - 690 507
Tel. 0479 - 2476677
Mob : 9495162788

Associate Editors:
**V. S. Mathew & Jose Philip**

Send your drafts & money order to :
Managing Editor
**P.S. Ninan**
Thondiyath puthenveedu,
Kallissery P.O.,
Alappuzha - 689 124
Tel. 0479 - 2427371
\Mob. 9446004619

Circulation Manager:
**John Thomas**
Vazhuvelil House
Pandanadu North P.O.,
Kallissery - 689 124
Mob: 9446918942

Please send DD/Cheque drawn in favour of :
Suvisesha Dhwani

E-mail :
suviseshadhwani2011@gmail.com

**15.03.2014**

**REGISTERED**
***Reg. No. RN 29475/78***
**Postal Reg. No. KL / MVK / 188 / 2014-16**
**Licence No. KL/CR/MVK/WPP-01/2014-16**
**Licenced to Post Without Pre-payment**

***If not delivered, please return to :***
**Managing Editor,**
**SUVISESHA DHWANI,**
**Thondiyath puthenveedu, Kallissery P.O.,**
**Alappuzha - 689 124,**
**Kerala, India.**

Printed & Published by Samuel Thomas, Choonattu House, Cheppad P.O., Alappuzha District on behalf of Y.M.E.F. at Evangel Press Thiruvalla, Design: **D**'Club, Kallissery.